# സോദരവിലാപം.

T 61
K 97

61
97

T 61
K 97

എൻ. എസ്സ്. കുര്യൻ.



N. X. MATHEW, B. A.

S. H. Catherine Hospice,
KANKANADY P.O. S.K. 2467
CANCELLED
HOUSE OF STUDIES O.C.D. MANGALORE

✝

A. M. D. G.

# സോദരവിലാപം.

T 61
K 97

ഗ്രന്ഥകൎത്താ

എൻ. എസ്സ്. കുര്യൻ,

ബി. എ., ബി. എൽ.

DHARMARAM COLLEGE LIBRARY, BANGALORE. 4451

൧-ാം പതിപ്പ് കാപ്പി ൧൦൦൦.

അവകാശം സ്വായത്തം.

൧൯൩൦.

വില 4 ണ.

S. D. P. Works &c., Ltd., Alleppey.

# മുഖവുര.

ശ്രീ.

എൻെറ മാന്യസ്നേഹിതനായ, എൻ. എക്സ്. കുയ്യൻ അവർകാം സാഹിത്യലോകത്തിൽ ഇതിനെത്ര യൊ മുൻപുതന്നെ പ്രസിദ്ധിനേടേണ്ട ഒരാളാണ്. എന്നാൽ അദ്ദേഹംതന്നെ ഈ കൃതിയുടെ പ്രസ്താവനയിൽ പറഞ്ഞിട്ടുള്ളതുപോലെ ശ്രീമാൻ കുയ്യൻ ഇതുവരെ സാരമായ ഒരു കാവ്യം എഴുതുന്നതിനു പരിശ്രമിച്ചിട്ടുണ്ടായിരുന്നില്ല. ചില്ലറ ഒരു നേരംപോക്കിൻെറ നിലയിലേ തൻെറ സാഹിത്യപരിശ്രമങ്ങളെ അദ്ദേഹം ഗണിച്ചിരുന്നുള്ളു. ഇപ്പോാം പ്രസിദ്ധപ്പെടുത്തുന്ന ഈ സോദരവിലാപത്തിലാണ് മിസ്റ്റർ കുയ്യൻെറ വാഗ്ദേവി സങ്കടഭാവത്തോടുകൂടെയാണെങ്കിലും പ്രൌഢയായി കേരളീയക്കു പ്രത്യക്ഷമാകുന്നത്.

ഈ കൃതിയിലെ കഥാവസ്തു എന്താണെന്നു പറയാതെതന്നെ ഊഹിക്കാമല്ലൊ. മിസ്റ്റർ കുയ്യൻെറ കനിഷ്ഠസഹോദരൻ ശ്രീമാൻ മാത്യു വിദ്യാഭ്യാസത്തിനു എഡിൻബറോയിൽ താമസിച്ചിരുന്നപ്പോാം സന്നിപാതജ്വരം പിടിപെട്ട് അകാലമൃത്യുവെ പ്രാപിച്ചു. മിസ്റ്റർ മാത്യുവിനെ നേരിട്ട് എനിക്കു പരിചയമില്ലായിരുന്നു. എങ്കിലും ഞങ്ങളുടെ തറവാടുകാംതമ്മിൽ പാരമ്പര്യമായിട്ടുള്ള സ്നേഹംവഴി അറിയാറായതിൽനിന്നും

ഈ കൃതിയിൽ കൊടുത്തിരിക്കുന്ന ജീവിതചരിത്രത്തിൽ നിന്നും അദ്ദേഹം അസാമാന്യബുദ്ധിശക്തിയും സ്വഭാവഗുണവും ഉണ്ടായിരുന്ന ഒരു യുവാവായിരുന്നു എന്നു എനിക്കു മനസ്സിലായിട്ടുണ്ട്. മിസ്റ്റർ മാത്യുവിന്റെ മരണം ബന്ധുമിത്രങ്ങളെ മാത്രമല്ലാ അദ്ദേഹത്തിന്റെ നാട്ടുകാരേയും വല്ലാതെ സങ്കടപ്പെടുത്തിയെന്നുള്ളത് എനിക്കു നേരിട്ടറിവുള്ള ഒരു സംഗതിയാണ്. ആ സ്ഥിതിക്കു പരേതന്റെ സ്നേഹബഹുമാനാദരങ്ങൾക്കു പ്രത്യേകപാത്രമായിരുന്ന ജ്യേഷ്ഠസഹോദരനെ ആ സംഭവം എത്രമാത്രം സങ്കടപ്പെടുത്തിയിരിക്കണം!

ഈ ഘോരസങ്കടം മിസ്റ്റർ കുര്യന്റെ പ്രതിഭാവിലാസത്തിൽ പ്രതിബിംബിച്ചപ്പോൾ ഉണ്ടായതത്രെ "സോദരവിലാപം" എന്ന ഈ ഖണ്ഡകാവ്യം. ഈ കൃതിയുടെ ഗുണത്തെപ്പററി ഞാൻ എന്തെങ്കിലും പറയുന്നതു അധികപ്രസംഗമായിട്ടേ വിജ്ഞന്മാർ ഗണിക്കയുള്ളു. മിസ്റ്റർ കുര്യന്റെ സഹോദരസ്നേഹത്തിനും കവിതാവാസനയ്ക്കും ദൈവഭക്തിക്കും ഈ കൃതി ഒരു പ്രത്യക്ഷസാക്ഷ്യമായി ശോഭിക്കുമെന്നുള്ളതിനു എനിക്ക് സംശയമില്ല.

വിലാപകാവ്യങ്ങൾ മലയാളത്തിൽ വളരെ കുറച്ചുമാത്രമേയുള്ളു. മഹാകവി കുമാരനാശാനും പ്രൌഢകവി നാലപ്പാട്ടു നാരായണമേനോനും ഈ വിഷയത്തിൽ കേരളീയർക്കു മാർഗ്ഗദർശികളാകുന്നു. മററാളുകളും ഈ പ്രസ്ഥാനത്തിൽ പരിശ്രമിച്ചുനോക്കാതിരുന്നിട്ടില്ല. എന്നാൽ വിഷയകാഠിന്യംകൊണ്ടും കവിതയിൽ അവശ്യം വന്നുചേരേണ്ട പ്രൌഢമായ തത്വചിന്ത, അനന്യമായ ഭക്തി, നിഷ്കളങ്കമായ സ്നേഹം ഇവ ക്ഷിപ്ര

സാദ്ധ്യമല്ലാത്തതുകൊണ്ടും മററുള്ളവക്ക വിജയം ലഭിച്ചിട്ടില്ലെന്നേ ഉള്ളു. നമ്മുടെ ക്രൈസ്തവകവികളിൽ മിസ്റ്റർ കുയ്യനാണ് ആദ്യം ഇങ്ങനെ ദുൎഗ്ഗമമായ ഒരു പഥത്തിൽ സഞ്ചരിച്ചുനോക്കിയിട്ടുള്ളതെന്നു തോന്നുന്നു.

വിജയം അദ്ദേഹത്തിനു എത്രമാത്രം സിദ്ധിച്ചിട്ടുണ്ടെന്നു ഈ കാവ്യം ഒരാവൎത്തി വായിച്ചുനോക്കുന്നവരോടു ഞാൻ പറയേണ്ടതായിട്ടില്ല.

ചാലയിൽ,<br>
കാവാലം.

കെ. എം. പണിക്കർ.

# പ്രസ്താവന.

എന്റെ കനിഷ്ഠസഹോദരൻ എൻ. എക്സ്. മാത്യു, ബി. എ. എഡിൻബറോ സർവ്വകലാശാലയിൽ ഉൽകൃഷ്ടവിദ്യാഭ്യാസം ചെയ്തുകൊണ്ടിരിക്കേ, അവിടത്തെ അസഹനീയമായ ശീതബാധയാൽ ഹൃദ്രോഗം പിടിപെട്ട് അകാലനിർവ്വാണം പ്രാപിച്ചുവെന്നുള്ള മർമ്മഭേദകമായ കേബിൾസന്ദേശം കിട്ടിയപ്പോൾ എന്റെ മനസ്സിൽ അങ്കുരിച്ച വികാരപരമ്പരകളിൽ ചിലതൊക്കെയാണ്, ഈ പദ്യകൃതിയിൽ പ്രതിബിംബിച്ചിട്ടുള്ളത്. വിദ്യാഭ്യാസകാലത്തും പിന്നീട് ചിലയവസരങ്ങളിലും ചില പദ്യങ്ങൾ ഞാൻ എഴുതുകയും പുസ്തകരൂപേണയും ചില പത്രങ്ങളും മാസികകളും മുഖേനയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും അവ യാതൊന്നും തന്നെ യഥാർത്ഥമായ കാവ്യഗുണത്തോടുകൂടിയവയല്ലെന്നു എനിക്കുതന്നെ നല്ല ബോദ്ധ്യമുണ്ട്.

"സോദരവിലാപ"മെന്ന അഭിധാനത്തിൽ ഞാൻ രചിച്ചിട്ടുള്ള ഈ പദ്യങ്ങളും അവയേക്കാൾ ഒട്ടുംതന്നെ വിശേഷതരമായിട്ടുള്ളതല്ലെന്ന് വന്നേക്കാമെങ്കിലും ഇതുപര്യന്തമുള്ള കവിതാവിഷയകമായ എന്റെ ഉദ്യമങ്ങളേക്കാൾ ഈ കൃതിക്കുള്ള ഒരു വൈശിഷ്ട്യം എന്റെ ഹൃദയാന്തർഭാഗങ്ങളെ ആഴമായി സ്പർശിച്ചിട്ടുള്ള ഒരു വിഷയമാണ് ഇതിലെ ഇതിവൃത്തം എന്നും ഇതിലെ ഓരോ പ്രതിപാദനങ്ങളും യഥാർത്ഥമായ അനുഭവബോ

ധത്തോട്ടക്രടിയാണ് ഉത്ഭവിച്ചിരിക്കുന്നത് എന്നും ഉള്ള പരമാത്ഥമായ സംഗതിയാകുന്നു. അനേകവിധങ്ങളായ പ്രത്യാശകൾക്ക് അടിസ്ഥാനമായും നിസ്വാത്ഥമായ സഹോദരസ്നേഹത്തിൻെറ നിസ്തുല്യമായ ആദശമായും കരുതിപോന്ന വിലയേറിയ ഒരു സഹോദരൻെറ അവിചാരിതവും അകലെക്കിടന്നുമുള്ള അകാലനിയ്യാണം എന്തുമാത്രം സന്താപഹേതുകമാണെന്നു അനുഭവസ്ഥന്മാക്കല്ലാതെ ശരിയായി അറിവാൻ സാധിക്കുന്നതല്ല.

ഇതു വായിക്കുന്ന സഹൃദയന്മാരുടെ സഹതാപം കുറച്ചെങ്കിലും എന്നിൽ ഉണ്ടാകയും എൻെറ അപാരമായ സങ്കടത്തിന് അല്പമായ ശാന്തി എങ്കിലും ലഭിക്കയും ചെയ്യുന്നതായാൽ ഞാൻ ആശിക്കുന്ന ചാരിതാത്ഥ്യം എനിക്കു സിദ്ധിക്കുന്നതാകുന്നു.

ഈ "സോദരവിലാപം" ഗാഥയായി നിവ്വഹിക്കുന്നതിന് വിശേഷവിധിയായ ഒരു കാരണമുള്ളതു മാത്യു ഒരു പദ്യകാരനും ഒരു നല്ല ഗാഥാകൃത്തും ആയിരുന്നുവെന്നുള്ള സംഗതിയാകുന്നു. മരിക്കുമ്പോൾ ഇരുപത്തിമൂന്നു വയസ്സു തികഞ്ഞിട്ടില്ലായിരുന്നുവെങ്കിലും ഇതിനിടയ്ക്കു ഹൃദയംഗമങ്ങളായ പലേ പദ്യങ്ങളും മാത്യു രചിച്ചിട്ടുണ്ട്. അവ സവിസ്തരം പ്രതിപാദിയ്ക്കേണ്ട സ്ഥലമോ സന്ദഭമോ ഇതല്ലെങ്കിലും മാത്യുവിൻെറ ജീവിതത്തിൽ സ്ഥായിയായി സ്ഥിതിചെയ്തിട്ടുള്ള ഭക്തിയേയും ഉൽകൃഷ്ടങ്ങളായ ആദശങ്ങളേയും പ്രദ്യോതിപ്പിക്കുന്ന ചില പദ്യങ്ങളേക്കൂടി ഇവിടെ ഉദ്ധരിക്കാം.

"പാപാംപരം നരരുചെയ്തഖിലേശ്വരൻതൻ
കോപാംഭരംപെരുകിടംപടിക്രുടിടുമ്പോൾ
താപംപൊറാഞ്ഞലിയുമീമറിയമ്മയത്രെ
പാപംപൊറഞ്ഞണയുവാനവലംബമാക്കും"

"എന്താണന്നിൻെറ കരതാരിലിരുന്നപാരം
ചിന്തുന്നതിക്കൃപയിദം ബത! കൊന്തതാനോ
വെന്തിങ്ങയോ? തരിക, നാകപഥത്തിലെന്നെ
ബ്ബന്ധിക്കുവാൻ കഴിവിയന്നതിവസ്തുതന്നെ".

ഈ ശ്ലോകങ്ങൾ മററു പദ്യങ്ങളോടുക്രുടി "മേരീസ്തവ"മെന്ന അഭിധാനത്തിൽ "കമ്മലകുസുമം" മാസികയിൽ മാത്യു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഞങ്ങളെ അക്ഷരാഭ്യാസം ചെയ്യിച്ച കണ്ണാടിൽ കിഴമഠത്തിൽ പരേതനായ മ. രാ. രാ. ശ്രീ നീലകണ്ഠപ്പിള്ളയാശാനേ ഉദ്ദേശിച്ചും പരേതയായ ഞങ്ങളുടെ പ്രിയമാതാവിനെ സംബന്ധിച്ചും മാത്യുവിൻെറ ഒരു കൃതിയുടെ ആരംഭത്തിൽ ഇങ്ങനെ കാണുന്നു.

"കണ്ണാടിൽ കിഴക്കൊരു
കണ്ണായി മരുവുന്ന
ചണ്ഡികാനാഥനാമൻ
ദേശികൻ തുണയ്ക്കേണം."
"പുണ്യനിദർശ്ശനമായ്
കാവാലത്തമന്നൊരെൻ
പൊന്നമ്മതെരിസാമ്മ
നന്നായിത്തുണയ്ക്കേണം!"

ഹൈസ്കൂൾ വിദ്യാർത്ഥിയായി മാത്യു എൻെറ ക്രുടെ ആലപ്പുഴ താമസിച്ചുകൊണ്ടിരിക്കെ സതീത്ഥ്യ

നായിരുന്ന സഹോദരീപുത്രനെ പ്രോത്സാഹിപ്പിക്കു ന്നതിനുവേണ്ടി താഴെ ചേക്കുന്ന പദ്യം അവർ പഠിച്ചു കൊണ്ടിരുന്ന മുറിയിൽ ചുവരിന്മേൽ എഴുതിവച്ചിട്ടു ണ്ടായിരുന്നതാണ്.

"കേമന്മാർപ്രാപിച്ച വൻപദമൊന്നുമേ
സാമാന്യയത്നസംപ്രാപ്യമല്ലാ.
ചെങ്ങാതിമാരുറങ്ങിട്ടുമ്പോളങ്ങവർ
മങ്ങാത്തദീപമെരിച്ചിരുന്നു."

മാത്യുവിൻെറ ജീവചരിത്രം എഴുതിവരുന്നതിൽ ഇവ സവിസ്തരം പ്രതിപാദിക്കാമെന്നുദ്ദേശിച്ചു ഈ ഭാഗം ഇവിടെ ദീഘിപ്പിക്കുന്നില്ല.

ചേതോഹരങ്ങളും വിവിധങ്ങളുമായ ഗാഥാഭൂഷ ണങ്ങളെക്കൊണ്ട് കേരളഭാഷ, ശോഭിച്ചിരിക്കുന്ന ഇദാ നീന്തനകാലത്ത് അസ്മാദൃശനായ ഒരുവൻെറ ഏതാദൃശ മായപ്രസ്ഥാനം അസ്ഥാനത്തിലായേക്കാമെന്നുള്ള ഭയം എന്നെ ബാധിക്കുന്നുണ്ടു. എങ്കിലും ഉദാരമതികളായ മാന്യജനങ്ങളുടെ അനുകമ്പാമസൃണങ്ങളായ ദൃഷ്ടികളിൽ ഈ കൃതിയിലുള്ള ന്യൂനതകൾ ലഘുതരങ്ങളായി പരിണ മിക്കുമെന്നുള്ള പ്രത്യാശയാണ് ഇതിൻെറ പ്രസിദ്ധീകര ണത്തിൽ എന്നെ പ്രോത്സാഹിപ്പിക്കുന്നത്. മാത്യു വിൻെറ വിയോഗത്തെ പ്രതിപാദിച്ചു ശീമയിൽനിന്നും മററും വന്നിട്ടുള്ള കത്തുകളിൽ ചിലതും പ്രസ്തുത നിര്യാ ണത്തെ സംബന്ധിച്ചു നമ്മുടെ വത്തമാനപത്രങ്ങളിലു ണ്ടായിരുന്ന പ്രസിദ്ധീകരണങ്ങളിൽ ചിലതും അനുബ ന്ധമായി അന്യത്ര ചേത്തിട്ടുണ്ട്. ഈ കൃതിയിലെ ആശ യങ്ങളെ ശരിയായി ഗ്രഹിപ്പാൻ ഇവ സഹായിക്കുമെ ന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്.

മാത്യു എഡിൻബറോയിൽ സുഖശരീരത്തോടുകൂടി സ്ഥിതിചെയ്യുമ്പോൾ എടുത്തിട്ടുള്ള ഫോട്ടോയുടെ ഒരു പ്രതിയും ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. മാത്യുവിൻെറ ഛായ കാണണമെന്ന് ആഗ്രഹമുള്ളവരെ ഇതു സംതൃപ്തിപ്പെടുത്തുമെന്നു വിശ്വസിക്കുന്നു.

സ്വകീയമായ കായക്ലേശങ്ങൾക്കിടയിൽ പ്രതിപാദ്യവിഷയത്താൽ പ്രചോദിതമായ ക്ലാന്തമനസ്കതയോടുകൂടി ഇതുവായിച്ചു കേൾക്കയും ഇതു സമർപ്പിക്കുന്നതിന് സാനുകമ്പം അനുമതി നൾകുകയും ഈ കൃതിയേയും എന്നേയും അനുഗ്രഹിക്കുകയും ചെയ്തിട്ടുള്ള പൂജ്യപാദരായ എൻെറ മാതാമഹൻ മ. രാ. രാ. ശ്രീ കുടവാടത്തിൽ കുഞ്ചുൻ അവർകളോടു എനിക്കുള്ള കൃതജ്ഞതയെ പ്രദർശിപ്പിച്ചുകൊള്ളുന്നു. തപോവൃദ്ധനും വിദ്യാവൃദ്ധനും വയോവൃദ്ധനുമായ ഈ മഹാനുഭാവൻ ശിശുപ്രായത്തിൽകൂടി സാഹിത്യത്തിലും കവിതാവിഷയത്തിലും മററ എല്ലാ നല്ല സംഗതികളിലും എന്നതുപോലെ തന്നെ ഞങ്ങൾക്കു അഭിരുചിയുണ്ടാവുന്നതിന ശ്രമിച്ചിട്ടുണ്ട്. ആ പരിശ്രമം മാത്യുവിനെ സംബന്ധിച്ചേടത്തോളമെങ്കിലും പ്രായാനുസൃതമായ ഫലോന്മുഖതയെ പ്രാപിച്ചിട്ടുണ്ടായിരുന്നുവെന്ന് പ്രസ്താവിക്കുന്നതിൽ എനിക്കു ചാരിതാത്ഥ്യമുണ്ട്.

ഈ പുണ്യപൂരുഷൻ മൂന്നു സംവത്സരത്തേക്കുകൂടി എങ്കിലും ജീവിച്ചിരുന്ന്

"മേരിതൻെറ മകനാകുമേശുവിൽ
ഭൂരിഭക്തിയിയലും മഹാമതി
സൂരികുഞ്ചനമരേണമൂഴിയിൽ
ദൂരിതാഘലതതിന്നുറ വത്സം."

എന്നുള്ള ഞങ്ങളുടെ പ്രാത്ഥനയേ സഫലമാക്കട്ടെ.

ഗുരുതരങ്ങളായ കൃത്യാന്തരബാഹുല്യങ്ങൾക്കിടയിൽ നിർവ്യാജമായ സഹതാപത്തോടുകൂടി ഈ കൃതി വായിച്ചുനോക്കുകയും വിലയേറിയ ഒരവതാരിക എഴുതിത്തരികയും ചെയ്തിട്ടുള്ള എന്റെ മാന്യസുഹൃത്തും സ്വദേശിയുമായ മിസ്റ്റർ കെ. എം. പണിക്കരുടെ മഹാമനസ്കതയെ ഞാൻ ഹാർദ്ദവമായി അഭിനന്ദിക്കുന്നു. ഭാരതത്തിലെ മുപ്പത്തിമുക്കോടിയിലധികം വരുന്ന ജനസമുദായത്തിന്റെ ഭാവിശ്രേയസ്സിന് നിദാനമാകുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്ന ലണ്ടനിൽവച്ചുള്ള സൌഹാർദ്ദസമ്മേളനത്തിൽ ഇൻഡ്യയിലെ നരേന്ദ്രമണ്ഡലത്തിന്റെ ധുരംധരനായ കാര്യദർശി എന്ന നിലയിൽ സംബന്ധിക്കുന്നതിനായുള്ള പ്രയാണത്തിനു പ്രാരംഭമായി മിസ്റ്റർ പണിക്കർ സ്വജനങ്ങളോടു യാത്രചോദിച്ചു മടങ്ങുന്ന അവസരത്തിലാണ് ഈ കൃതി കണ്ടതു്. തന്റെ യാത്രയ്ക്കിടയിൽ ഇതു പരിശോധിച്ചു കപ്പൽ കയറുന്നതിനു മുൻപ് അവതാരികസഹിതം അയച്ചുതരാമെന്നു സമ്മതിച്ച് അദ്ദേഹം ഈ പുസ്തകം എന്നോടുവാങ്ങി. എന്റെ മാന്യസ്നേഹിതൻ എന്തെങ്കിലും ചെയ്തുകൊള്ളട്ടെ അല്ലെങ്കിൽ മാത്ര്യ കിടക്കുന്ന സ്ഥലത്തുതന്നെ ഇതും ചെന്നു് അറിയപ്പെടാതെ കിടന്നുകൊള്ളട്ടെ എന്നുള്ള മനോഭാവത്തോടുകൂടിയാണ് ഈ ഗ്രന്ഥത്തെ ഞാൻ അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തതു്. എന്നാൽ മഹാമനസ്കനായ അദ്ദേഹത്തിന്റെ മനോവൃത്തികൾ ഇപ്രകാരമല്ലായിരുന്നു എന്നു ഒരാഴ്ച കഴിഞ്ഞപ്പോൾ എനിക്കു ബോദ്ധ്യപ്പെട്ടു. തന്റെ അപാരമായ സാഹിത്യകലാപാണ്ഡിത്യത്തിനു അനുസാരമായ ഒരവതാരികയോടുകൂടി ഡൽഹിയിൽനിന്നും ഈ പുസ്തകത്തെ അദ്ദേഹം മടക്കിഅയച്ചുതന്നു. മഹാഭാരതത്തി

ൻെറ പൌരാണികമായ ഇന്ദ്രപ്രസ്ഥത്തിൽനിന്നുതന്നെ ആ മുഖ്യമായ ആമുഖപ്രവും ചാൎത്തി പ്രസിദ്ധീകരണത്തിനായി ഈ കൃതിയെ മിസ്റ്റർ പണിക്കർ അയച്ചതന്നിരിക്കുന്നതു് ഇതിൻെറ മാററു കൂട്ടുകയായിരുന്നു എന്നു പ്ര-ത്യേകിച്ചു പറയേണ്ടതില്ലല്ലോ.

ഞങ്ങളുടെ ചെറുപ്പകാലങ്ങളിൽതന്നെ സാഹിത്യസംബന്ധമായ എൻെറ സംരഭങ്ങളെ മിസ്റ്റർ പണിക്കർ പ്രോത്സാഹിപ്പിക്കയും എൻെറ കവിതകളിൽ സന്തോഷം പ്രദശിപ്പിക്കയും ചെയ്തിട്ടുണ്ടു്. ഈ പദ്യങ്ങൾ ഞാൻ ൧൧൦൦-ാമാണ്ടു് എഴുതിതീൎത്തിരുന്നു. എന്നാൽ ഓരോരോ കാരണവശാൽ ഇതിൻെറ പ്രസിദ്ധീകരണകാലം നീക്കിവയ്ക്കേണ്ടിവന്നു. മിസ്റ്റർ പണിക്കർ ഈ കൃതികാണുകയും പ്രസിദ്ധീകരിക്കണമെന്നു എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടില്ലായിരുന്നെങ്കിൽ ഇതു പാഴേസ്ഥിതിയിൽതന്നെ അജ്ഞാതമായി ഒരു പക്ഷെ കിടന്നുപോകുമായിരുന്നു. മിസ്റ്റർ പണിക്കരുടെ ഏതദ്വിഷയത്തിലുള്ള പ്രവേശനത്തിൻെറ ഔചിത്യത്തെപ്പററി കാവ്യമമ്മജ്ഞന്മാരായ സഹൃദയന്മാർതന്നെ തീൎച്ചയാക്കിക്കൊള്ളട്ടെ.

സുദീൎഘമായ ഈ പ്രസ്താവനയേ ഇപ്രകാരം ഉപസംഹരിച്ചുകൊണ്ടു് ഈ "സോദരവിലാപ"ത്തെ എ-ൻെറ മാന്യസഹോദരങ്ങളുടെ സമക്ഷം സമപ്പിച്ചുകൊള്ളുന്നു.

| | |
|---|---|
| പുളിങ്കുന്നു്, വർ—൧—൧൧൦൩. | എട്ടുപറയിൽ ശെൌയ്യാർ കുഞ്ഞൻ. |

# സോദരവിലാപം.

## ഗാഥ.

1.

ആകാംക്ഷയാകു മപ്പൂഴിയാലൂഴിവി-
ട്ടാകാശവീഥിയിൽ തീൎത്ത കോട്ട
ആകസ്മികമൃത്യുവാകും മരുത്തടി-
ച്ചാകെ വിശീൎണ്ണമായ് വീണു താഴെ.

2.

പുഷ്ടപ്രമോദമെന്നാശയാം തോട്ടത്തിൽ
നട്ടുവളൎത്ത പൂന്തയ്യുമിപ്പോൾ
കഷ്ടം മുറിഞ്ഞു പ്രപഞ്ചഭ്രമണത്തിൽ-
പ്പെട്ടിതാമാഞ്ഞു മറഞ്ഞിടുന്നു.

3.

ആറുപേർ ഞങ്ങൾ സഹോദരന്മാരില്ല-
മാരെനിയ്ക്കായിരുന്നാത്മമിത്രം?
ആയുവാവായത പുണ്യപ്രഭാകരൻ
പോയിമറഞ്ഞു പാശ്ചാത്യദിക്കിൽ.

4.

പെട്ടന്നണയുവാൻ പോകുന്നദീപത്തിൻ
മട്ടൊന്നുകാട്ടുവാൻ മാത്രമൊ നീ
ആംഗ്ലേയരാകും സരിത്പ്രിയ്ക്കു വിസ്മയം
തുംഗമായേററിജ്ജയിച്ചതോൎത്താൽ.

5.

ഭാരതീയന്മാരിലാരുമെട്ടുക്കാത്ത
ബി. ഇ. ഡി. എന്ന ബിരുദിലെത്തി
ഭൂയോപി നീ ലസിച്ചപ്പൊഴുതോ ഞങ്ങ-
ളുള്ളോ ശ്രവിപ്പതീ ദുഃഖവാർത്താ.

6.

വാനിൽമിന്നുങ്ങിത്തിളങ്ങി യൊളിക്കുന്ന
പീനാഭമായൊരു തേജഃപുഞ്ജം
മാനവമാനസ വ്യാമോഹമേറുവാൻ
താനിഹവന്നു മറഞ്ഞിതെന്നോ?

7.

ഭൂരിബിരുദുകളോരോന്നെടുത്തുടൻ
സൂരിനീ, ചാരവെവന്നു ഘോരം
പാരിച്ചൊരീ മോഹപ്പാലാഴിസങ്കട
വാരാശിയായിപ്പകർന്നിതെന്നോ?

8.

ലീനങ്ങളായനിൻ നാനാഗുണങ്ങളും
പീനങ്ങളായിപ്പൊലിയുന്നേരം
ദീനത്തിനേവമധീനമായ് നിൻ ജീവ-
ഹാനി, ഭവിപ്പതോ, കേൾപ്പൂ ഞങ്ങൾ.

9.

എണ്ണായിരത്തോളംനാഴിക ദൂരത്തിൽ
കണ്ണീരൊഴുക്കുമീ ഞങ്ങൾനിൽക്കെ
ഒന്നുംപറയാതെ സ്വർല്ലോകവാസത്തി-
നെന്നോമൽ സോദരാ നീ തിരിച്ചോ?

10.

മാതാപിതാക്കളും കുഞ്ഞുസഹജരും
സാദരം സ്വാഗതമോതുവാനായ്
നാകത്തിൽ കാത്തിരിപ്പുള്ളതുകൊണ്ടുനീ
വേഗത്തിൽചെന്നു സമാശ്വസിയ്ക്കൂ!

11.

എന്തെന്തുമായമീ പ്രാപഞ്ചികങ്ങളാം
സന്തോഷമോരോന്നു ചിന്തിയ്ക്കുമ്പോൾ
ശാന്തിയ്ക്കിരിപ്പിടമൊന്നു താനത്രനീ
സന്തതംചെന്നു സുഖിച്ചുകൊൾക.

12.

ഞങ്ങളോ ചൂടററ കണ്ണീർതടാകത്തിൽ
മുങ്ങിയും പൊങ്ങിയും നിന്റെ യാത്രാ-
സംഗതിയേതും ഗ്രഹിച്ചിടാതിങ്ങിതാ
മങ്ങാനദീപ്തിയിൽ നോക്കിനില്പൂ.

13.

പാരമജ്ഞാതമായെത്തും മരണത്തിൻ-
സാരമറിയുന്നതുണ്ടോ മർത്ത്യൻ
ഓരോ പരിഹാരമോതും നരന്മാരി-
ലാരാണറിഞ്ഞതപ്പാരമാർത്ഥ്യം!

14.

പഞ്ചഭൂതോത്ഭവമാകും നയനത്തിൻ-
സഞ്ചാരമെത്തുമോ? നിത്യതയിൽ
സംസാരബദ്ധരാം മാനുഷരെങ്ങിനെ
സംഹാരതത്വമറിഞ്ഞിടുന്നു.

15.

അന്തർമ്മദാന്ധനാം മൃത്യുവെന്തിവിധം
ഹന്ത! മുറിച്ചിളം കന്ദളത്തെ
ബന്ധുരമാകിയ യൌവനപ്പൂവന-
മന്തക! നിൻ വാസമാക്കിയെന്നോ?

16.

ആലോലചേതസാ വാഴുമിവർക്കിപ്പോൾ
ഭൂലോകമാകെ യിരുളടഞ്ഞു
ക്രൂലംകവിഞ്ഞോല്പമാറപോലാമയം
കാലമിതിലനവേലമായി.

17

ചിത്രസ്ഫടിക ത്രികോണക്രൂടം, മഹി
വക്ത്രമിപ്പോൾ തിരിച്ചൊന്നുകാട്ടി
സപ്തവർണ്ണോജ്ജ്വല കമ്രസ്വരൂപങ്ങൾ
കർക്കശ കല്മഷണങ്ങളായി.

18.

തൂവൊളിതൂകി ത്തുളുമ്പിത്തുടങ്ങിയ
ഭൂ, വന്ധകാരത്തിലാണ്ടിതിപ്പോൾ
കൈവന്നസൌഭാഗ്യഹേതുക്കളാകവെ
കയ്പായിത്തോന്നുന്നു, നിന്നഭാവാൽ.

19.

ഹന്ത! ചിരന്തന, ചിന്തിതസന്താന-
മേന്തികരത്തിലെന്നോർത്തിരിയ്ക്കെ
സന്താപമാണു ലഭിച്ചതെന്നാകിലും
സന്തോഷമായിത്താൻ സ്വീകരിയ്ക്കാം.

20.

പായുമനിലനിൽ മായുവാൻ മാത്രമോ
മായമേ മാനവ മാന്യജീവൻ
കായവുമായുരാരോഗ്യവുമെന്നുള്ള
ഭാവമപ്പേക്കിനാവായ് ഭവിച്ചോ.

21.

പ്രേമംപ്രഥിതപ്രയത്ന മിവതന്നെ
ജീവിതമെന്നു സമർത്ഥമാക്കി
മാധുരീപൂരിതമാകുമത്രപ്പിനി
മൃത്യുവാലെങ്ങിനെ ഗ്രസ്തനാകും?

22.

അന്തഃപ്രലീനമാ മാത്മാവിൻ ചൈതന്യ-
ച്ഛന്തമല്ലാതെന്തീക്കാണും പ്രാണൻ
കായത്തിൻഭാവ,മഭാവമെന്നുള്ളൊരീ
മായയിലെന്തുഭ്രമം ജനിപ്പാൻ?

23.

ഉൽകൃഷ്ടമീ ജീവനീശ്വരനിശ്വാസ-
സംസ്കൃതമാരാണപഹരിപ്പാൻ
സൽകർമ്മശക്തിപ്പരിണാമം കൊണ്ടതു
ശുഷ്കമാംദേഹം വെടിഞ്ഞിടുന്നു.

24.

പുണ്യസമ്പൂർണ്ണതയ്ക്കാവാസമാകുവാൻ
മണ്ണു മനഞ്ഞുള്ള പിണ്ഡമാണൊ
വിണ്ണിൽ താൻചെന്നു വസിയ്ക്കണമായതിൽ
ഖണ്ഡിപ്പതജ്ഞതമൂലമത്രെ.

25.

സ്വൎഗ്ഗംനിൻ നിൎഗ്ഗമകാലംമുതലെന്നി-
ക്കഗ്രിമാഗാരമായ് തീൎന്നിടുന്നു.
ഹാ! നിൻ സഹവാസസാഹായ്യമൊന്നിനാൽ
ഊഹിച്ചു ഞാനതിനാകമാക്കി.

# II

26.

എന്തെന്തു സങ്കടഹേതുകംചിന്തിച്ചാ-
ലന്തിമശുശ്രൂഷചെയ്യുവാനും
സന്താപസങ്കീൎണ്ണമായൊരാവേളയിൽ
സാന്ത്വനവാക്യങ്ങളോതുവാനും,

27.

അന്തികെ,നിന്നുനിൻ ശാന്തിയുക്തകം സി-
ദ്ധാന്തങ്ങളോരോന്നു സാധിപ്പാനും
ഹന്ത! ദൌൎഭാഗ്യവിപാകത്താൽ തന്നെയീ
ബന്ധുക്കൾക്കാൎക്കുമേ, സാധിച്ചില്ല.

28.

മന്ദാരവാറൊളി മന്ദാകമഞ്ജുളം
നിന്നോമൽപാവന ഫാലദേശം
ആരാരു ചുംബിച്ചു നിൎവ്വാണനേരത്തി-
ലാരാലുള്ളപ്പുരദേശംതന്നിൽ?

29.

ആരാണടച്ചതച്ചാരുനയനങ്ങ-
ളാരോമലാമുയിർ വിട്ടനേരം
ഏൻ പാണിയ്ക്കായോഗമെങ്കിലുമില്ലാതാ-
യെൻപാപഭാരത്തിൻ പാരമ്യത്താൽ.

30.

ജീവപ്രവാഹനിദശ്നമാകുമ
പ്പാവനസ്ഫാടിക ച്ചെപ്പുരണ്ടും
ആരാരടച്ചവരപ്പോഴേശാശ്വരം
കോരിച്ചൊരിഞ്ഞെന്റെ പാഴ്മിഴിയിൽ.

31.

രാത്രിതൻമദ്ധ്യമയാമമെന്നോണമി
പ്പാത്തലേ ക്രൂരിരുൾ വ്യാപ്തമായി
ഹ്രുത്തുകുത്തിപ്പിളർന്നീടുന്ന സങ്കട
ഗത്തത്തിൽത്തന്നെഞാൻ മഗ്നനായി.

32.

കാലത്താലെന്തു,കരിയുമെന്നോ,കരൾ
ക്കാമ്പിൽക്കടന്ന കടുത്തതാപം?
കാരുണ്യമററതു കാൻ കരണ്ടിടും,
കാര്യംനിലനില്ക്കും കാലത്തോളം.

33.

കോമളാകാര! നിൻപാവനമാം മെയ്യും
ശീമയിൽത്തന്നെ ലയിയ്ക്കയെന്നോ?
സീമയകന്നെനിയ്ക്കാമോദമേകുന്നോ-
രാമനോജ്ഞാനനം പോയ്മറഞ്ഞോ?

34.

മഞ്ഞണിപ്പുല്ക്കട്ടി മേഞ്ഞുചമച്ചുള്ള
പഞ്ജരമൊന്നിനകത്തടങ്ങി
ലോകംലയിയ്ക്കുന്ന കാലംവരയ്ക്കുനീ
യേകനായത്ര കിടക്കയെന്നോ?

35.

മെത്തുംസഹോദരമൈത്രി പ്രവാഹത്തി-
ന്നാസ്ഥാനമാകിയ നിന്റെചിത്തം
മൃത്യുവിൻമുദ്ര പതിച്ച വിദേശത്തി-
ലെത്രനാളേവ മടക്കിവയ്ക്കാം?

36.

മഞ്ഞും മണലും മറയ്ക്കുന്നതെങ്ങിനെ?
മഞ്ജുവാം മാനവമാനസത്തെ.
മണ്ണിൽ മറഞ്ഞതുകൊണ്ടു നശിയ്ക്കുമോ
നന്മണിയ്ക്കുള്ള ഗുണപ്രകർഷം.

37.

പായും മനസ്സിന്നനുഗാമിയല്ലാത്ത
കായം മനുജനെന്തിന്നു നൽകി?
പോയൊന്നെൻ സോദരദേഹത്തെയെങ്കിലും
മെയ്യിൽ പുണരുവാൻ ഭാഗ്യമില്ല.

38.

അല്ലേ! വിഹംഗമജാതിയിലുള്ളോര
ച്ചെല്ലക്കപോതമേ പാർത്തിടുമ്പോൾ,
ചിത്തത്തിനൊത്തു ചരിയ്ക്കും ശരീരത്തെ-
സിദ്ധിച്ചനീയാണതീവശ്രേഷ്ഠൻ.

39.

സ്വച്ഛന്ദസഞ്ചാരശക്തിയില്ലാത്തുള്ള
തുച്ഛനാം മാനവൻ മാനിയ്ക്കുന്ന
നിശ്ചലത്വയ്ക്കുള്ളിൽ മികച്ചുള്ളസൃഷ്ടിതൊ-
നച്ഛഗുണങ്ങളുടയവൻ ഞാൻ.

40.

ചേതോവികാരമാം വീചീപരമ്പരാ-
സ്വാധീനമല്ലാത്ത ദൂരമേത്?
പാഥോനിധിയേത്? ചിത്തമെത്താത്തുള്ള
പാതാളമേത്, ഗിരിയുമേത്?

41.

ഓരോരോ ജോലിയിൽപെട്ടനാം വേർപെട്ടു
ദൂരസ്ഥരായിരുന്നിടുംപോതും
ക്രൂരെഴുംമാനസവേഷ്ടയാം പാശത്തിൻ
വാരുററബന്ധം മുറുക്കിനമ്മെ.

42.

ദൂരാനുസാരമാം ശക്തിയോടാവടം
വാരാന്നിധിയ്ക്കു മറുകരയിൽ
ദൂരെവസിക്കുന്നനിന്നെ യെൻചിത്തത്തിൽ
വേരോട്ടുചേർത്തു ബന്ധിച്ചിരുന്നു.

43.

തീക്ഷ്ണമാമീബന്ധം മൃത്യുവിൻ ചണ്ഡമാം
ദണ്ഡനമേററു മുറിഞ്ഞുവീണു
എങ്ങുഞാൻ ബന്ധിയ്ക്കുമിപ്പാശ;മാരിനി
ത്താങ്ങുവാൻ, താണപതിച്ചോരെന്നെ!

44.

ആടലനുഭവം ലോകേ നരക്കെന്ന
പാഠമെൻചിത്തത്തിൽ മുൻനിറുത്തി
കാടായകാശ്യപിവാസാവശിഷ്ടമാം
നാടകംകൂടെ യഭിനയിയ്ക്കാം.

45.

നാളെ ഞാനാശിച്ച സമ്പൂൎണ്ണസൌഭാഗ്യ-
മാളും, ദിനമെത്തുമെന്നു നണ്ണി
നാളുകളോരോന്നു മൎത്ത്യൻ നയിക്കുന്നു;
നാളതോ, നീളനീളെ കിടപ്പൂ!

46.

ആഹാ! മനുഷ്യന്റെ യാകാംക്ഷയാകുമി
യാകാശമന്ദിരമൊന്നുമാത്രം
ലോകേ നരക്കുള്ള സൌഭാഗ്യ—മായതൊ
വേഗമിടിയു,മുയരും വീണ്ടും.

47.

പ്രത്യാശയാകുമീ മിഥ്യാവിചാരത്താൽ
ബദ്ധനായ് മൎത്ത്യൻ നയിപ്പൂ ജീവൻ
നിത്യവുമീ യാശാഭംഗമാം സന്താപ-
ഗൎത്തത്തിൽ നീന്തിയും പൊന്തിയുംതാൻ.

48.

സോദരനിൎവ്വാണഖേദം ജയിയ്ക്കുവാ-
നാതങ്കമേതാണി ബ്ഭൂതലത്തിൽ
നീതാനതീവസൌഭാഗ്യവാനായതിൻ
ബാധകളേതു മറിഞ്ഞതില്ലാ.

49.

കാലത്തിൻ കൈ കടഞ്ഞീടുന്നമാല്യര
കോലങ്ങളേതുമേ കണ്ടിടാതെ
ആലോലജാലസാപൂരമാം സംസാര
ജാലത്തിലാണ്ടു വലഞ്ഞിടാതെ;

50.

ഉത്തുംഗമായനിൻ പ്രത്യാശാരാശികൾ
വ്യർത്ഥമായുൾത്തടം കത്തിടാതെ
നിത്യമാം ശാന്തിയിലെത്തിലയിച്ചനീ
നിസ്തുലഭാഗ്യമുടയവൻ താൻ.

# III

51.

അന്തിക്കലെകളാലഞ്ചിതം പശ്ചിമ-
സിന്ധുവിൻവക്കിൽ മണൽത്തടത്തിൽ
ചെന്നുഞാനിന്നലെ ചെന്തിക്കനൽ ചുടു-
കണ്ണീരിൽമുങ്ങി മനംകലങ്ങി.

52.

സായാഹ്നമാർത്താണ്ഡ സാന്ദ്രാഭമാകിയ
ഛായപതിഞ്ഞു പയോധിയപ്പോൾ
പാരമുരുകിയ സാരംഗംപോലവേ
ചാരെ വിളങ്ങിപ്പരന്നു മുന്നിൽ.

53.

മൎത്ത്യസുഖദുഃഖവൃദ്ധിക്ഷയങ്ങളെ
പ്രത്യക്ഷമാക്കും പ്രകൃതിപോലം
വിസ്തരിച്ചീടുമപ്പുസ്തകം പോലവെ
യബ്ധിപകൎന്നു തിരകളാലെ.

54.

തുംഗതരംഗങ്ങളെങ്ങുമേ, പൊങ്ങിയും
ഭംഗമാൎന്നു മുടൻതൽപതിച്ചും
പിന്നെയധഃപതിച്ചും ക്രമാലീവിധം
തന്നെ ചരിച്ചിതെന്മുന്നിലപ്പോൾ.

55.

സാന്ത്വനവാക്കോതും ബന്ധുവെന്നോണമ-
പ്പൈന്തെന്നലെത്തി തലോടിയെന്നേ;
ഉന്നമ്രമാമന്ദ്രം മുററും മുഴക്കുന്നി-
തൎണ്ണവകീൎണ്ണ മുല്ലോലജാലം.

56.

ചിന്താവിശേഷങ്ങളോരോന്നടുത്തുടൻ
സ്വാന്തം തടവി മയക്കിയെന്നെ
ബന്ധുരമായുള്ള പൂൎവ്വസ്മരണ ഭൂ-
ബന്ധമകററി, പ്രശാന്തമാക്കി.

57.

ഈയാഴിവക്കിലതീതകാലങ്ങളിൽ
സായന്തനക്കുളൎ തെന്നലേററ,
നിഞ്ചാരുപിഞ്ചുകരാഞ്ചലം കോൎത്തുഞാൻ
സഞ്ചരിച്ചേത്ര സംതൃപ്തനായി.

58.

ആയാഴിക്കക്കരെത്തന്നെ വിദേശത്തു
പോയി, ലയിച്ചിതെൻ ഭൂതിയെല്ലാം
എന്തെന്തെൻ സോദരാനീ ഞങ്ങൾക്കേകിയോ-
രന്തിമസന്ദേശ സന്ദോഹങ്ങൾ!

59.

സന്താപബന്ധുരകാഞ്ചനക്കൈകളാ-
സ്വാന്തമണിമയവീണ മീട്ടി
ചന്തത്തിലോലും വേദാന്തപ്രശാന്തമാം
സാന്ത്വനസംഗീതമെന്നപോലെ.

60.

അവ്യക്തമായുള്ളമാറ്റൊലിപോലെ,യാ-
ദ്ദിവ്യർതൻസൂക്ഷ്മമാം സൂക്തിപോലെ
മഞ്ജുളവാക്യങ്ങളിങ്ങിനെ കേട്ടഞാൻ
മങ്ങലകലുമാറെന്മനസ്സിൽ.

61.

സന്താപസന്തോഷബന്ധമറിയുന്ന
വൻതാതവാത്സല്യലക്ഷ്യമായി
ചിന്തും കരുണാപ്രസരണമല്ലാതെ
യെന്തോന്നിക്കാണുന്ന സന്താപങ്ങൾ.

62.

ന്യൂനാതിരേകങ്ങൾകാണും സുഖദുഃഖ-
സ്ഥാനാനുഭൂതിയിൽ ജീവിതത്തിൽ
നംമറന്നതുകൊണ്ടു ചലിയ്ക്കുവാൻ
മാനവനില്ലവകാശമേതും.

63.

ശാന്തമനസ്കനായ് നിത്യമവശ്യമാം
സന്താപമൊക്കെ സഹിയ്ക്കചെമ്മേ,
താന്താൻ ചുമക്കണമക്കുരിശെന്നല്ലൊ
സാന്ത്വനമോതി നമുക്കു നാഥൻ.

64.

മായാമയമായ ലോകസുഖങ്ങളിൽ
പോയി മയങ്ങിയ മർത്ത്യചിത്തം
ആയാസമത്രെ തിരിയ്ക്കുവാനെന്നാലു-
മായതും ദുഃഖത്താൽ ക്ഷിപ്രസാദ്ധ്യം.

65.

ഭേദംവരുത്തുവാൻ സാദ്ധ്യമല്ലാതുള്ള
ഖേദം കരുതുക മോദമായി
മററും മനസ്സായ ലോഹംതപിയ്ക്കണം
മാററാന്ന കാഞ്ചനമായി മാററാൻ.

66.

ഇക്കാഞ്ചനച്ചെപ്പിലാവാസമാക്കുവാ-
നൎക്കാംക്ഷപൂണ്ടു വസിക്കുമീശൻ
കക്കശമായുള്ള ദുഃഖങ്ങൾമാത്രമ-
ല്ലക്കുരിശും വരിച്ചാനൊട്ടുക്കം.

67.

ക്രൂത്ത മൂന്നാണിയിൽ വാണുവിളിച്ചിട്ടു-
മാത്താവലംബനാം ക്രൂസ്തുനാഥൻ
ഹൃത്തടം പൊട്ടിത്തകൎന്നവക്കാശ്രയ-
പ്രസ്ഥമായ് വത്തിപ്പൂ നിത്യമീശൻ.

68.

പങ്കമറിയാത്ത മങ്കമറിയമോ
സങ്കട വൻകടലും കടന്നു
തങ്കരാമാലാ മസിയാൽപിളന്നിൻ
സങ്കേതം ദുഃഖിതക്കേകിടുന്നു.

69.

തോട്ടത്തിൻനാഥൻ സുമഗണം തേടുമ്പോൾ
കൂട്ടത്തിൽ നല്ലതിറുത്തിടുന്നു
നഷ്ടത്തിനെന്തവകാശമിതരന്നു
നട്ടവൻ കൊയ്യുക ന്യായമല്ലോ.

# IV

70.

ഹാ! ഹാ! സമാശ്വാസമീ മോഹബന്ധനി-
ലൂഹാവ്യപോഹമായ്പ്പന്നുകൂടി
സോദരൻ നാകത്തിലുള്ളൊരെനിയ്ക്കിപ്പോൾ
ഖേദത്തിനില്ലവകാശമേതും.

71.

പ്രേമം സഹോദരപ്രേമം പ്രധാനമാ-
മാമോദദായക മിക്ഷിതിയിൽ
പാവനമീഗുണപ്രാഭവംകൊണ്ടുതാൻ
ദ്യോവും മഹിയിൽ ബന്ധിച്ചിരിപ്പൂ.

72.

ലോകത്തിലെന്നല്ല നാകത്തിലാകിലും
സോദരൻ, സോദരൻതന്നെയെന്നും
ശോകപ്പെരുംകടലാകുമവനിയിൽ
മാഴ്കുന്നോരെന്നെ മറക്കുമോ നീ?

73.

സോദര! സോദര എന്നുള്ളൊരാഹ്വാനം
ഭൂതലം പൂതമാക്കുന്നമന്ത്രം
ഏതേതു നാവിലുദിയ്ക്കിലുമായതു
കാതുകുളുൎപ്പിക്കും കമ്രഗാനം.

74.

ഈ ഗാനാവൎത്തനസോപാനപങ്ക്തിമ-
നാകകവാടത്തിലേന്തിനിൽപ്പൂ
ദൈവാനുകൂല്യമാം നിൎത്ധരാനിൎഗ്ഗമ-
മീവഴിയ്ക്കല്ലോ ഭവിപ്പൂ ഭൂവിൽ.

75.

വാനവർതൻ ഗാനമാധുരിവെല്ലുവാൻ
മാനുഷൎക്കുള്ള മനോജ്ഞഗീതം
ഏതേ,തെ,ന്നെന്തു? ശ്രമപ്പെട്ടുതേടുന്നു
സോദരാ! എന്ന സങ്കീൎത്തനംതാൻ!

# അനുബന്ധങ്ങൾ.

(൧)

താഴെ ചേക്കുന്ന എഴുത്തു മാത്യുവിന്റെ ഒരാപ്തമിത്രവും ഗുരുനാഥനും ആയിരുന്ന ദിവ്യശ്രീ മററത്തിൽ കുര്യൻ കത്തനാർ അവർകൾ എന്റെ അപേക്ഷ അയച്ചിട്ടുള്ളതിന്റെ തർജ്ജിമയാണ്.

മാൻവെട്ടം,

൧൯൨൪ ഫെബ്രുവരി ൧൭.

മാന്യ സ്നേഹിതാ!

ഇതാ നമ്മുടെ പ്രിയപ്പെട്ട മാത്യുവും കഥാവശേഷനായി. നിങ്ങളുടെ ഹൃദയത്തെ ഭേദിപ്പിച്ചിട്ടുള്ള മുറിവുകളെ ഒരിക്കൽകൂടി പിളക്കുന്നതിനായിട്ടല്ല, ഞാൻ ഇതു് എഴുതുന്നതു്. ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്ന സ്നേഹബന്ധം അറിയാമല്ലൊ. അതു് ഒരു വിദ്യാത്ഥിയുടെ ആദരവിന്റേയും ഉപാദ്ധ്യായന്റെ അനുകമ്പയുടേയും പരിധിയെ അതിലംഘിച്ചിരുന്നു. സ്വസഹോദരന്മാർ തമ്മിലുള്ള ഒരു പ്രേമബന്ധംതന്നെയായിരുന്നു അതു്. ഈ സംഗതികൾ ഞാൻ നിങ്ങളോടു തുറന്നു പറയുന്നതു് സഹോദരന്മാരിൽ മാത്യുവിനു നിങ്ങളോടു കൂടുതലായ സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നതായി എനിക്കു് അറിയാവുന്നതുകൊണ്ടാകുന്നു. ഞാൻ ഒരിക്കൽ മാത്രമേ നിങ്ങളെ കണ്ടിട്ടുള്ളു. മാന്നാനത്തു ഞാൻ ക്ലാസിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ കടന്നുപോകു

ന്നതായി ഞാൻ കണ്ടതേയുള്ളു. എങ്കിലും മാത്യുവിൻെറയും നിങ്ങളുടേയും മുഖഭാവങ്ങൾ തമ്മിലുള്ള കൂടുതലായ സാദൃശ്യം എനിക്കു ബോദ്ധ്യമായി. ഇതുകൊണ്ടുകൂടിയാകുന്നു ഞാൻ എൻെറ മനസ്സുതുറന്നു നിങ്ങളോടു പറയുന്നത്.

ചെറുപ്രായത്തിൽ മാത്യുവിൻെറ സ്വഭാവത്തെ രൂപപ്പെടുത്തുന്നതിൽ എനിക്കുകൂടി പങ്കെടുക്കുന്നതിന് സൌഭാഗ്യം സിദ്ധിച്ചല്ലൊ എന്നു ഞാൻ അഭിമാനിക്കുന്നു. പരമാത്ഥം പറയുന്നതായാൽ ഇത്ര പരിശ്രമശീലനും വിലയേറിയവനുമായ ഒരു യുവാവിനെ അല്പിഷ്ടന്മാരായ ഈ മനുഷ്യഗണങ്ങളുടെഇടയിൽ ദൈവം വിട്ടേയ്ക്കുമോ എന്നു ഞാൻ അത്ഭുതത്തോടുകൂടി പലപ്പോഴും വിചാരിച്ചിട്ടുണ്ട്.

മാത്യു വിദ്യാത്ഥിയായിരുന്നകാലത്ത് എൻെറ പേക്കു അയച്ചിട്ടുള്ള പല കത്തുകളും കവിതകളും പാലാളാലം പള്ളിയിൽവെച്ചു അവസാനയാത്ര പറഞ്ഞപ്പോൾ സംസാരിച്ചിട്ടുള്ള വാക്കുകളും എൻെറ മനസ്സിൽ ഇപ്പോൾ കഴിഞ്ഞതുപോലെ തോന്നുന്നു.

മാത്യുവിനു തൃശ്ശിനാപ്പള്ളി, യൂറോപ്പു മുതലായ സ്ഥലങ്ങളിൽ വേറെയും പല സ്നേഹിതന്മാർ ഉണ്ടായിരുന്നിരിക്കണം. അവരും മാത്യുവിൻെറ നഷ്ടത്തെപ്പററി നിശ്ചയമായിട്ടും ഖേദിക്കും. ഞങ്ങൾ ഇപ്രകാരം ദുഃഖിക്കുന്ന സ്ഥിതിക്കു നിങ്ങളുടെ അവസ്ഥ എന്തായിരിക്കാം. എന്നാൽ കത്തോലിക്കരായ നമുക്ക് എത്ര ദുസ്സഹമായ ദുഃഖത്തിലും സമാധാനത്തിനു വഴിയുണ്ടല്ലോ.

ദിനവത്തമാനം കേട്ടതുമുതൽ ഞാൻ സദാ ദൈവസന്നിധിയിൽ പ്രാത്ഥിയ്ക്കയായിരുന്നു. എന്നാൽ മാത്യുവിൻെറ സുഖപ്രാപ്തിക്കായി ഞാൻ അധികം പ്രാത്ഥിയ്ക്കേണ്ടിവന്നില്ല. അതിനുമുമ്പ് ഈ ദുഃഖവത്തമാനം അറിഞ്ഞു. ഇന്നു രാവിലെ ഞാൻ മരിച്ചവക്കുവേണ്ടിയുള്ള കുബ്ബാന, ഒപ്പീസു മുതലായവ നടത്തി. എൻെറ വാത്സല്യശിഷ്യൻ സമാധാനത്തിൽ വിരമിയ്ക്കട്ടേ!

ഹൃദയപൂവ്വമായ എൻെറ സഹതാപത്തെ ചെറിയാനേയും ജോർജ്ജിനേയുംകൂടി അറിയിക്കണം. മാത്യു യൂറോപ്പിൽ പോയശേഷമുള്ള ഒരു ഫോട്ടോ അയച്ചുതന്നാൽ കൊള്ളാം.

നിങ്ങൾ ഗാഥാരീതിയിൽ ഒരു "സോദരവിലാപം" എഴുതിയാൽ നന്ന്. ആയതു നിങ്ങളുടെ ദുഃഖത്തിനു ശാന്തിയുണ്ടാകും. കത്തോലിക്കാസാഹിത്യകാരന്മാരുടെ മുന്നണിയിൽ എത്തുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്ന മാത്യു പോയ സ്ഥിതിക്ക് നിങ്ങൾ ഒഴിവുള്ള സമയങ്ങളെ കവിതകൾ എഴുതുന്നതിൽ ചിലവാക്കണമെന്നു് ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

എന്നു്, സി. കേ. മററം (ഒപ്പ്)

(൨)

താഴേചേക്കുന്ന എഴുത്തു് തൃശ്ശൂർ സെൻറ് തോമസ്സ് കാളേജ് പ്രിൻസിപ്പാൾ ദിവ്യശ്രീ ഫാദർ ജോൺ പാലോക്കാരൻ അവർകൾ എം. എ. എൻെറ പേക്കു അയച്ചിട്ടുള്ളതിൻെറ തജ്ജിമയാണ്.

# IV

സെൻറ്തോമസ് കാളേജ്,

തൃശ്ശിവപേരൂർ.

൧൯൨൭ ഫെബ്രുവരി ൧-ാംനു-.

മാന്യസ്നേഹിത

നിങ്ങളുടെ സങ്കടകരമായ എഴുത്തു കിട്ടി. എഡിൻബറോയിൽനിന്നു ഈയിടെ തിരിച്ചെത്തി ഇപ്പോൾ നിങ്ങളുടെ അനുജൻ മിസ്റ്റർ ചെറിയാൻെറകൂടെ മദ്രാസിൽ താമസിക്കുന്ന മിസ്റ്റർ നടക്കാവുകാരൻ കുയ്യനിൽനിന്നും ഈ മമ്മഭേദകമായ വാത്ത ഇന്നലെ ഞാൻ അറിഞ്ഞു. ഞാൻ യൂറോപ്പിലേയ്ക്കു പോകുന്നതിനുമുമ്പ് മാത്യു ഏററവും സമത്ഥരും ബുദ്ധിശാലികളുമായ എൻെറ ശിഷ്യന്മാരിൽ ഒരുവനായിരുന്നു. എഡിൻബറോയിൽവച്ചു ഞങ്ങൾ രണ്ടാളുകളും കുറേ മാസത്തേയ്ക്കു സതീത്ഥ്യരും ആയിരുന്നു. അവസാനകാലം വരേയും മാത്യു തൻെറ അഗാധവും ഹാദ്ദവും ആയ ദൈവഭക്തിയേയും കത്തവ്യബോധത്തേയും പരിരക്ഷിച്ചിരുന്നു. ആദ്യത്തെക്കൊല്ലം തന്നെ മാത്യുവിനു സിദ്ധിച്ച വിജയം ഏററവും സ്തുത്യഹമായിരുന്നു. അവിടെ ഇതേവരെ ഒരു ഇൻഡ്യാക്കാരൻപോലും ബി. എഡ്. എന്ന ബിരുദ എടുത്തിട്ടില്ല. പക്ഷെ പരമകാരുണികനായ ദൈവത്തിനു മാത്യുവിനേക്കൊണ്ടു ഇതിലും ഉപരിയായ കാൎയ്യങ്ങൾ നിവ്വഹിക്കുന്നതിനുണ്ടായിരിക്കണം. നാം ഏതൊരു സംഗതിയുടേയും ബാഹ്യസ്വഭാവത്തെമാത്രം ഗ്രഹിക്കുന്നു. അവയുടെ ആഭ്യന്തരമായ അവസ്ഥ നമുക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. ഏററവും പരിശുദ്ധവും നമ്മുടെ ഓരോരുത്തൻെറയും ആത്മാവിനു സവ്വ

പ്രധാനവുമായ സംഗതികൾ എന്താണെന്ന് ഗ്രഹിച്ചിരിക്കുന്ന സർവ്വേശ്വരചിത്തത്തിന് പരിപൂർണ്ണമനസ്സോടും സ്നേഹത്തോടും നാം കീഴ്പ്പെടണം.

ഞാൻ നിശ്ചയമായും മാത്യുവിൻെറ ആത്മാവിനു വേണ്ടി എപ്പോഴും, പ്രത്യേകം കുർബ്ബാനസമയത്തും, പ്രാർത്ഥിക്കാം. നിങ്ങളുടെ കുടുംബത്തിലുള്ള എല്ലാ അംഗങ്ങളേയും ഈ എഴുത്തു പ്രത്യേകം കാണിക്കണേ.

ജോൺ പാലോക്കാരൻ (ഒപ്പ്)

(൩)

താഴെ ചേർക്കുന്ന എഴുത്ത് കോട്ടയം മെത്രാൻ ഡാക്ടർ ചൂളപ്പറമ്പിൽ തിരുമനസ്സുകൊണ്ടു എൻെറ പേർക്ക് അയച്ചിട്ടുള്ളതിൻെറ തർജ്ജിമയാണ്.

കത്തോലിക്കാമെത്രാസന അരമന,
കോട്ടയം, ൧൯൨൭ ഫെബ്രുവരി ൧൩.

മാന്യസ്നേഹിത,

എഡിൻബറോവിൽ പഠിച്ചുകൊണ്ടിരുന്ന നിങ്ങളുടെ സഹോദരൻ മാത്യുവിൻെറ രോഗവൃത്താന്തം കമ്പിമാർഗ്ഗം ഞാൻ അറിഞ്ഞതുമുതൽ മാത്യുവിനുവേണ്ടി പ്രാർത്ഥിക്കയും അപ്രകാരം ചെയ്യുന്നതിന് മററുള്ളവരോടു ആവശ്യപ്പെടുകയും ചെയ്തുവന്നു. എന്നാൽ ഫെബ്രുവരി ൧൧-ാംനു-യിലെ നിങ്ങളുടെ എഴുത്തിൽനിന്നും ദൈവതിരുമനസ്സ് മററുപ്രകാരത്തിൽ ആയിരുന്നുവെന്നും കഴിഞ്ഞ ഞായറാഴ്ച രാത്രിയിൽ മാത്യു തൻെറ

സമ്മാനം വാങ്ങുന്നതിനായി സ്വൎഗ്ഗത്തിലേയ്ക്കു യാത്രയായിക്കഴിഞ്ഞു എന്നും ഞാൻ അറിഞ്ഞു. സന്താപസാഗരത്തിൽ മുങ്ങിയിരിക്കുന്ന നിങ്ങൾക്കും, നിങ്ങളുടെ കുടുംബാംഗങ്ങൾക്കും എന്തു സാന്ത്വനസന്ദേശമാണു്, ഞാൻ നൽകുന്നതു്? മാത്യു സ്വകുടുംബത്തിൽനിന്നും ബന്ധുമിത്രാദികളിൽ നിന്നും വിദൂരമായ ഒരു സ്ഥലത്തുവച്ച് കഥാവശേഷനായി എന്നു് ഓൎക്കുമ്പോൾ ഈ സംഭവം നിശ്ചയമായും നിങ്ങൾക്കെല്ലാവൎക്കും മൎമ്മഭേദകമായിരിക്കണം. നിങ്ങളുടെ കുടുംബത്തേയും കുടുംബാംഗങ്ങളേയും മുൻപിനാൽത്തന്നെ അടുത്തു പരിചയമുള്ള ഞാൻ ഈ അപാരമായ സങ്കടത്തിൽ എങ്ങിനെയാണു് പങ്കുകൊള്ളാതിരിക്കുന്നതു്. ഞാൻ പ്രിയപ്പെട്ട മാത്യുവിൻെറ ആത്മശാന്തിക്കായി പ്രാൎത്ഥിക്കയും നിങ്ങളെ എല്ലാവരേയും സമാശ്വസിപ്പിക്കട്ടെ എന്നു് ഈശോയുടെ വിശുദ്ധഹൃദയത്തോടു അപേക്ഷിക്കയും നിങ്ങളുടെ സന്താപത്തിൽ നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കയും ചെയ്തുകൊണ്ടു് വിരമിക്കുന്നു. (ഒപ്പ്)

(൪)

താഴെ ചേൎക്കുന്ന എഴുത്തു് എഡിൻബറോയിൽ നിന്നും ഫ്രാൻസിസു ഡോനോഹേ എന്ന ജസ്വിററു പാതിരി എൻെറ പേൎക്ക് അയച്ചിട്ടുള്ള കത്തിൻെറ തൎജ്ജിമയാണു്.

൧൦൦ മീനം ൧-൦൦൩-യിലെ മലയാളമനോരമയിൽ ഇതു് പ്രസിദ്ധപ്പെടുത്തീട്ടുണ്ടായിരുന്നു.

## VII

൨൮ ലൌഡിസ്റ്റൺസ സ്ട്രീറ്റ്,

എഡിൻബറോ.

൧൯൨൫ ഫെബ്രുവരി ൧൨.

മാന്യസ്നേഹിത,

നിങ്ങളുടെ സഹോദരൻെറ നിൎയ്യാണത്തിലുള്ള എൻെറ ഹൃദയപൂൎവ്വമായ സഹതാപത്തെ അത്യന്തം വ്യസനപൂൎവ്വം അറിയിച്ചുകൊള്ളുന്നു. സമാധാനാൎഹമായി എനിക്കു നിങ്ങളെ ധരിപ്പിപ്പാനുള്ള ഒരു പ്രധാന സംഗതി മിസ്റ്റർ മാത്യുവിനു ഒരു ഉത്തമകത്തോലിക്കൻെറ മരണം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതാണ്. മിസ്റ്റർ മാത്യു രാജകീയ ആതുരശാലയിൽ താമസിച്ചിരുന്നകാലത്തെല്ലാം ഞാൻ പതിവായിത്തന്നെ ചെന്നു കണ്ടുകൊണ്ടിരുന്നു. ക്രിസ്തുമസ്സ് അവസരത്തിൽ വിശുദ്ധകുൎബ്ബാന നൽകിയപ്പോൾ എത്ര മാതൃകായോഗ്യമായ ഭക്ത്യാദരങ്ങളോടുകൂടിയാണ് മാത്യു ആയതു സ്വീകരിച്ചതു്. മാത്യുവിനു ദീനം പെട്ടെന്നു കലശലാകുന്നതിനു മുമ്പ് പതിവനുസരിച്ച് ഫെബ്രുവരി ൧-ാംനു ഞായറാഴ്ച ഞാൻ സന്ദൎശിച്ചു. അപ്പോൾ ഹൃദയംഗമമായി ഞങ്ങൾ സംഭാഷണംകഴിച്ചു പതിവുപോലെ തനിക്കുവേണ്ടി ദൈവസന്നിധിയിൽ പ്രാൎത്ഥിക്കണമെന്നു ഉൽക്കണ്ഠയോടുകൂടി എന്നോടു അപേക്ഷിച്ചു. ദീനത്തിനു അല്പം ആശ്വാസം തോന്നുന്നുണ്ടെന്നു എന്നോടു പറകയും ചെയ്തു. അടുത്ത ചൊവ്വാഴ്ച ഫെബ്രുവരി ൩-ാംനു ദീനം പെട്ടെന്നു വൎദ്ധിക്കയും ഞാൻ ചെന്നു മാത്യുവിൻെറ കൺഫെഷൻ (പാപാനുതാപം) മുതലായവ

നടത്തുകയും അന്തിമക്രുദാശകളും പരിശുദ്ധപിതാവി ന്റെ അവസാനാശിസ്സു മുതലായവയും നൽകുകയും ചെയ്തു. ഇവകഴിഞ്ഞു അധികം താമസിക്കുന്നതിനു മുൻപുതന്നെ മാത്യു ബോധരഹിതനായിത്തീൎന്നു. പിന്നെ മാത്യുവിനു സുബോധം ഉണ്ടായതായി ബാഹ്യചിഹ്നങ്ങൾ ഒന്നും കണ്ടില്ല. മാത്യു അഞ്ചുദിവസംക്രുടി ഈ നിലയിൽ സ്ഥിതിചെയ്യുകയും ഞായറാഴ്ച രാത്രി ഏഴര മണിയ്ക്കു നിത്യശാന്തിയിൽ ലയിക്കയുംചെയ്തു. ഈ അഞ്ചുദിവസങ്ങളിലും ഞാനും മററും ക്രുടെക്കൂടെ മാത്യുവിന്റെ ചെവിയിൽ ഉത്തമമനഃസ്താപജപങ്ങളും മററു പ്രാൎത്ഥനകളും ഉച്ചരിച്ചുകൊടുത്തുകൊണ്ടിരിക്കയും ക്രുടെക്കൂടെ ആഭ്യന്തരമായ പാപവിമോചനം നൾകുകയും ചെയ്തുകൊണ്ടിരുന്നു.

ബുധനാഴ്ച പ്രഭാതമായപ്പോഴേയ്ക്കും മൃതശരീരത്തെ "ഈശോയുടെ തിരുഹൃദയത്തിന്റെ" ദേവാലയത്തിലേയ്ക്കു കൊണ്ടുപോയി. ആദ്യം ഞാൻ തന്നെ കറുപ്പുവസ്ത്രങ്ങൾ ധരിച്ചു ഒരു കുൎബ്ബാനചൊല്ലി. മൃതശരീരം സായാഹ്നംവരെ പള്ളിയിൽ ബഹുമാനപുരസ്സരം സ്ഥാപിച്ചിരുന്നു. സായാഹ്നത്തിൽ അതു വെൺ്സൻഹിൽ എന്ന കത്തോലിക്ക ശ്മശാനസ്ഥലത്തേയ്ക്കു് സാഘോഷം ആനയിക്കപ്പെട്ടു. ഈ ശ്മശാനയാത്രയിൽ അനേകം യൂറോപ്യന്മാരും ഇൻഡ്യാക്കാരും വിശിഷ്യ കാളേജ് വിദ്യാൎത്ഥികളും സംബന്ധിച്ചിരുന്നു. സംസ്കാരകൎമ്മം സവിസ്തരമായിത്തന്നെ നടത്തുകയും ചെയ്തു.

നിങ്ങളുടെ സഹോദരൻ അനിതരസാധാരണമായ സ്വഭാവമാധുൎയ്യത്തോടും ആരേയും ആകൎഷിക്കത്തക്ക

മനോവൈഭവത്തോടുംകൂടിയ ഒരു വിശിഷ്ടപുരുഷനായിരുന്നു. സഹവിദ്യാർത്ഥികളേയും മിസ്റ്റർ മാത്യുവിൻെറ അനേകം സ്നേഹിതന്മാരേയും ശുശ്രൂഷിച്ചുകൊണ്ടിരുന്ന കന്യാസ്ത്രീകളേയും എന്നുവേണ്ടാ, ആശുപത്രിയിലെ സകല രോഗികളേപ്പോലും അദ്ദേഹം തൻെറ സ്വഭാവസാരള്യംകൊണ്ട് വശംവദരാക്കിയിരുന്നു. ഇവരുടെ ബഹുമാനസൂചകമായി വിലയേറിയ അനേകം പുഷ്പമാല്യങ്ങളും പൂച്ചെണ്ടുകളും മാത്യുവിൻെറ ശവമഞ്ചത്തെ അലംകരിച്ചിരുന്നു. അവയിൽ ഒന്നു മലയാളികളുടെ വകയും മററൊന്നു ആശുപത്രിയിലെ ചില രോഗികളുടെ വകയും ആയിരുന്നു. (അവിടെ സംസ്കാരവേളയിൽ ഉപയോഗിക്കുന്ന ഒരു സാധാരണ പൂച്ചെണ്ടിനുപോലും കുറഞ്ഞപക്ഷം ഒരു പവൻ വിലയുണ്ട്.) ആശുപത്രിയിലെ രോഗികളുടെവക ചെണ്ടിൽ ഇന്നാരുടെ വകയെന്നും അവരുടെ ബഹുമാനസ്മാരകമെന്നും വിശിഷ്ടാകൃതിയിൽ ചിത്രീകരിച്ചിട്ടുണ്ടായിരുന്നു.

എഡിൻബറോയിൽ വന്നകാലംമുതൽ എനിക്കു മാത്യുവിനോടു വളരെ സ്നേഹവും വാത്സല്യവും തോന്നീട്ടുണ്ട്. രോഗാതുരനായതിനു മുമ്പും അതിനു ശേഷവും ഞങ്ങൾ മതസംബന്ധമായി പലപ്പോഴും ദീർഘസംഭാഷണങ്ങൾ കഴിച്ചിട്ടുണ്ട്. നമ്മുടെ പാവനമായ മതസിദ്ധാന്തങ്ങളെ മിസ്റ്റർ മാത്യു എത്ര യുക്തിയുക്തമായും അഗാധമായും ഗ്രഹിച്ചിരുന്നുവെന്നുള്ളതിൽ എനിക്ക് അപാരമായ അത്ഭുതം തോന്നിപ്പോയിട്ടുണ്ട്. സംഗതികളെ ക്ഷണത്തിലും പരിപൂർണ്ണമായും ഗ്രഹിക്കുന്നതിൽ മിസ്റ്റർ മാത്യുവിനുണ്ടായിരുന്ന ബുദ്ധികൂർമ്മത ഏററവും സ്തുത്യർഹമായിരുന്നു. മിസ്റ്റർ മാത്യുവിൻെറ വിശ്വാസ

സ്ഥൈൎയ്യവും പാരമാൎത്ഥ്യവും ഇവയെ ഒക്കേയുംകാൾ വളരെ ഉപരിസ്ഥാനത്തിലായിരുന്നു.

മിസ്റ്റർ മാത്യു രോഗാതുരനായിക്കിടന്ന കാലങ്ങളിൽ മരണകാൎയ്യത്തെപ്പററി പലപ്പോഴും എന്നോടു സംസാരിച്ചിട്ടുണ്ടു്. ലോകത്തിൽ സൎവ്വപ്രധാനമായ സംഗതി സന്മരണം സിദ്ധിക്കയാണെന്നും താൻ ഈ രോഗത്താൽ തന്നെ ഇഹലോകവാസം വെടിയണമെന്നാണ് ദൈവതിരുമനസ്സെങ്കിൽ ആയതിനു താൻ സന്നദ്ധനായിരിക്കയാണെന്നും അതിലേയ്ക്കു ഉത്തമമായ സ്ഥലവും സമയവും ആ പരമകാരുണികൻതന്നെയാണ് നിശ്ചയിക്കേണ്ടതെന്നും മിസ്റ്റർ മാത്യു എന്നോടു പറകയുണ്ടായിട്ടുണ്ടു്. എന്നാൽ ആസന്നമൃത്യുവായ ഒരുവന്റെ ജീവിതനൈരാശ്യജന്യമായ മനശ്ചാഞ്ചല്യത്തോടുകൂടിയല്ലാ ഇങ്ങിനെ പറഞ്ഞിട്ടുള്ളതു്. പ്രകൃതംവിട്ടു ഒരിക്കൽകൂടി പറഞ്ഞുകൊള്ളട്ടെ. പരിശുദ്ധമായ നമ്മുടെ മതസിദ്ധാന്തങ്ങളെപ്പററിയുള്ള മിസ്റ്റർ മാത്യുവിന്റെ അഗാധമായ ജ്ഞാനം കേവലം അത്ഭുതജനകമായും ഏററവും മാതൃകായോഗ്യമായും എനിക്കു് അനുഭവപ്പെട്ടിട്ടുണ്ടു്. മിസ്റ്റർ മാത്യുവിന്റെ വേദവിഷയങ്ങളിലുള്ള മനോഭാവങ്ങളെപ്പററി അവ ഉത്തമങ്ങളായ കത്തോലിക്കാദൎശങ്ങൾ എന്നു മാത്രം പറഞ്ഞാൽ പോരാ. പരിശുദ്ധന്മാൎക്കു് അനുയോജ്യമായവതന്നെ എന്നു പറഞ്ഞെങ്കിലെ സാൎത്ഥകമായിത്തീരുകയുള്ളു.

മിസ്റ്റർ മാത്യു രോഗശയ്യയിൽ അഭയംപ്രാപിച്ചതിനുശേഷം പോലും എത്ര ബഹുമാനാൎഹനായിട്ടാണ് കഴിഞ്ഞുകൂടിയതു് എന്നുള്ളതിനു രണ്ടു സംഗതികൾകൂടി

പറയാം. (സ്വന്ത നാട്ടുകാരും പോലെ സ്ഥിതിയിലുള്ള വരുമായ നിരവധി രോഗികളെ ശുശ്രൂഷിച്ച് പരിച യിച്ച മനസ്ഥിതിയോടുകൂടിയ) പരിചാരകവൃന്ദത്തിനു പോലും മാത്യുവിനെ ശുശ്രൂഷിക്കുന്നവിഷയത്തിൽ അ ലംഭാവം ഉണ്ടായിട്ടില്ല. മാത്യുവിനെ ശുശ്രൂഷിച്ചിരു ന്നതു് അവരുടെ സാധാരണയുള്ള ജോലിക്രമരീതിയി ലൊ ആ പ്രേരണകൊണ്ടൊ മാത്രമല്ലായിരുന്നു. മിസ്റ്റർ മാത്യുവിൻെറ സ്വഭാവമാധുര്യത്താൽ അപഹൃതചിത്ത കളായ അവർ സ്വസഹോദരനിർവ്വിശേഷമായ താല്പര്യ ത്തോടുകൂടിയാണു് മാത്യുവിനെ പരിചരിച്ചിരുന്നതു്. മറെറാരു സംഗതി ആ ജനബാഹുല്യമുള്ള ആതുരശാല യിൽനിന്നും സുഖംപ്രാപിച്ചുപോയ പഴയ രോഗികൾ പോലും മാത്യുവിൻെറ കുശലം അന്വേഷിച്ചു കൂട്ടംകൂട്ട മായി അവസാനംവരെ വന്നുകൊണ്ടിരുന്നു എന്നുള്ളതാ ണു്. ഇവ മിസ്റ്റർ മാത്യുവിൻെറ പരന്മാരെ ആക ർഷിക്കുന്നതിനുള്ള സ്വഭാവവിശേഷത്തിൻെറ പരമോൽ കൃഷ്ടങ്ങളായ നിദർശനങ്ങൾ അല്ലയോ?

ദയാപുരസ്സരം എൻെറ പരമാർത്ഥമായും ഹൃദയപൂ ർവ്വകമായും ഉള്ള സഹതാപത്തെ മിസ്റ്റർ മാത്യുവിൻെറ സന്താപത്തിൽ മുങ്ങിയിരിക്കുന്ന ബന്ധുജനങ്ങളെ അറി യിക്കണമെന്നു് താല്പര്യപ്പെടുന്നു.

ഫ്രാൻസിസ് ഡോനോഹേ

എസ്. ജെ. (ഒപ്പ്)

(ഒ)

താഴെ ചേക്കുന്ന എഴുത്തു് ജെ. ബി. വാട്ടേഴ്സ് എന്ന സിസ്റ്റർ എഡിൻബറോയിൽനിന്നും ഞങ്ങളുടെ

പേക്ക അയച്ചിട്ടുള്ള കത്തിൻെറ തർജ്ജിമയാണ്.

൧൧00 മീനം ൧൧-ാംതു-യിലെ കുട്ടനാടൻപത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു.

റോയൽ ഇൻഫർമറി വാർഡ് ൧൩
൧൯൨൫ ഫെബ്രുവരി ൧൦.

"പ്രിയമിസ്റ്റർ,

നിങ്ങളുടെ സഹോദരൻെറ കലശലായ സുഖക്കേടുസമയത്തും മരണനേരത്തും നിങ്ങളാരും ഇവിടെ ഇല്ലാതെ പോയല്ലൊ എന്ന് നിങ്ങളെപററിയും മാത്യുവിനെപററിയും ഞങ്ങൾ വളരെ വ്യസനിക്കുന്നു. ഇവിടെ ഒന്നാംതരം ചികിത്സയും ശുശ്രൂഷയും മാത്യുവിനു സിദ്ധിച്ചുകൊണ്ടിരുന്നു. യാതൊരു ഫലവും ഉണ്ടായില്ല. എത്ര നല്ല സ്വഭാവം. മാത്യു ആദ്യം ഇവിടെവന്നതു് എത്ര ചുണയോടും സന്തോഷത്തോടും കൂടിയാണ്. ദിനംതോറും കുറവില്ലെന്നു കണ്ടപ്പോൾ വളരെ മൌനത്തിലായിപ്പോയി. യാതൊരു പിറുപിറുപ്പും അതൃപ്തിയും മാത്യുവിനില്ലാ. എത്ര വിശേഷമായ ക്ഷമാശീലമാണ്. നല്ല ഭാഗ്യമായ മരണം കിട്ടി. മനുഷ്യശക്തിയാൽ കഴിയുന്നതെല്ലാം ഞങ്ങൾ ചെയ്തു. എന്നിട്ടും മാത്യുവിനുവേണ്ടി ചെയ്തതു പോരാതെപോയി എന്ന് ഞങ്ങൾ ദുഃഖിക്കുന്നു. ഇവിടത്തെ ഒന്നാംതരം വൈദ്യനായ ഡാക്ടർ ഫ്ളേമിങ്ങാണ് ചികിത്സിച്ചതു്. ഒരു പിതാവിനെപ്പോലെ അദ്ദേഹം കൂടെക്കൂടെവന്ന് കണ്ടു ചികിത്സിച്ചുകൊണ്ടിരുന്നു. ഞങ്ങളുടെ അറിവിൽപെട്ടിടത്തോളം മാത്യു വലിയ ശരീരവേദന അനുഭവിച്ചിട്ടില്ലാ. കൂട്ടതലായതിനുശേഷം നല്ല ബോധം ഇല്ലാ

യിരുന്നു. മാത്യുവിനെ ഇവിടെയുള്ള രോഗികൾക്ക പോലും വളരെ കാൎയ്യമായിരുന്നു. മാത്യുവിനുവേണ്ടി സ്വല്പം വല്ലതും ചെയ്താലും മാത്യു വലിയ കൃതജ്ഞത കാണിക്കും. പഴയ രോഗികൾ മാത്യുവിനെ കൂടക്കൂടെ വന്നു കണ്ടുകൊണ്ടിരുന്നു. അവരിൽ ചിലർ ഒരു പുഷ്പ ച്ചെണ്ടു പെട്ടിമേൽ വയ്ക്കാൻ കൊടുത്തയച്ചിട്ടുണ്ട്. വളരെ വിശേഷമായതും വിലയുള്ളതുമാണ്. ഞങ്ങളെല്ലാം നിങ്ങളോടുകൂടി വളരെ സഹതപിക്കുന്നു."

ഒപ്പ് ജെ. ബി. വാട്ടേഴ്സ് (സിസ്റ്റർ).

(൩)

൧൧൦൦ കുംഭം ൨൯-ം ടി. മീനം ൧൧-ം തീയതികളിലെ നസ്രാണിദീപികയിൽനിന്നും

(നിൎയ്യാതനായ എൻ. എക്സ്. മാത്യു)

പുളിങ്കുന്നിൽനിന്നും ഒരു മാന്യലേഖകൻ എഴുതിയതു്:-

പരേതനായ മിസ്റ്റർ എൻ. എക്സ്. മാത്യുവിൻെറ ദീനവിവരത്തേയും മരണവിവരത്തേയും പററി ഈ പംക്തികളിൽ ഇതിനുമുൻപു നിങ്ങളുടെ ആലപ്പുഴ ലേഖകൻ എഴുതിയിരുന്നല്ലോ. അടിയന്തിരക്കേബിൾ കമ്പികൾമൂലം അറിഞ്ഞിരുന്ന സംഗതികൾ മാത്രമാണ് അതിൽ പ്രസ്താവിച്ചിരുന്നതു്. ഈ അടുത്ത ദിവസങ്ങളിലെ മെയിലുകളിൽ വിവരമായ കത്തുകൾ എഡിൻബറോയിൽനിന്നു് ഇവിടെ മിസ്റ്റർ മാത്യുവിൻെറ സഹോദരന്മാക്കും മററും കിട്ടിക്കൊണ്ടിരിക്കുന്നു. മിസ്റ്റർ മാത്യുവിൻെറ അനേകം സ്നേഹിതന്മാക്കും ബന്ധുജനങ്ങൾക്കും അതിലെ വിവരങ്ങൾ ചിലതുകൂടി അറിയുന്നതിൽ ആഗ്രഹമുണ്ടായിരിക്കുമെന്നുദ്ദേശിച്ച് ഈ ലേ

ഖനം അയച്ചുകൊള്ളുന്നു. കഴിഞ്ഞ വർഷത്തെ വിദ്യാഭ്യാസവിഷയകമായ ഉൽകൃഷ്ടവിജയത്തിനുശേഷം ബി. ഇ. ഡി.യിലുള്ള ഓണേഴ്സ് മത്സരപ്പരീക്ഷയിൽ ഈ ആണ്ട് ആരംഭത്തിൽ നാന്നൂറുപേർ ചേൎന്നിരുന്നതിൽ പാസായ നാലുപേരിൽ ഒരുവൻ മിസ്റ്റർ മാത്യു ആയിരുന്നു. യാതൊരു ഇൻഡ്യാക്കാരനും ഇതിനു മുമ്പു ഈ പരീക്ഷയിൽ ജയിച്ചിട്ടില്ല. ഇങ്ങിനെ മിസ്റ്റർ മാത്യു പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് സുഖക്കേടു പിടിപെട്ടത്. അതു വൎദ്ധിച്ചുവന്നിരുന്നു എങ്കിലും ഡാക്ടർമാർ ഈ വിവരം മിസ്റ്റർ മാത്യുവിനെ അറിയിച്ചില്ല. സാരമില്ലെന്നു മാത്രം ധരിപ്പിച്ചുകൊണ്ടിരുന്നു. ഈ കഴിഞ്ഞ ജനുവരി ഫെബ്രുവരി മാസങ്ങളിൽ അവിടെ വലിയ ഹിമവർഷവും കൊടുങ്കാററും ഉണ്ടായി. ഇതുകൊണ്ടു കാലാവസ്ഥ വളരെ തണുപ്പുള്ളതായിത്തീൎന്നു. ഇങ്ങിനെ ഇരിക്കയിലാണ് ഫെബ്രുവരി ൨൨-ാംനു- മിസ്റ്റർ മാത്യുവിൻെറ ദീനം പെട്ടെന്നു വൎദ്ധിച്ചത്. മിസ്റ്റർ മാത്യുവിന്ന് അന്നുമുതൽ കലശലായ ബോധക്ഷയമുണ്ടായി. പിന്നീടു പ്രജ്ഞ ശരിയായി ഉണ്ടായിട്ടില്ലത്രേ. കുറേശ്ശ ബോധം ഉണ്ടായ അവസരങ്ങളിൽ തന്നെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന (Sister of charity) കന്യാസ്ത്രീകളുടേയും കത്തോലിക്കാ പുരോഹിതന്മാരുടേയും അദ്ധ്യാത്മികങ്ങളായ ഉപദേശങ്ങളിലും കൎമ്മങ്ങളിലും മാത്രം ശ്രദ്ധിച്ചുകൊണ്ടിരുന്നു. എങ്കിലും ഇതിന്നിടയിൽ ഉണ്ടായ ഒരു വിശേഷസംഗതി മാത്യുവിൻെറ അവിടെയുള്ള ഒരു ആപ്തമിത്രവും ഈ തിരുവിതാംകൂർ സ്വദേശിയും ഒരു ന്നതവൈദ്യവിദ്യാൎത്ഥിയുംആയ മിസ്റ്റർ നീലകണ്ഠപ്പിള്ളയേ അരികിൽ വിളിച്ചു അവസാനയാത്ര ചോദിക്കുകയും തൻെറ അപാരമായ കൃതജ്ഞതാസൂചകമായി ശു-

ഷ്ക്കിച്ചു മൃതപ്രായമായ കൈനീട്ടി മിസ്റ്റർ പിള്ളയ്ക്കു കൈകൊടുക്കുകയും ചെയ്തു എന്നുള്ളതാണ്. മിസ്റ്റർ പിള്ളയുടെ പക്കൽ മിസ്റ്റർ മാത്യുവിൻെറ സകല സാമാനങ്ങളും താക്കോലും ഒരു മൂന്നാഴ്ചയ്ക്കു മുമ്പു മാത്യു ഏല്പിച്ചിട്ടുണ്ടായിരുന്നു. ദീനം വളരെ അപകടമുള്ളതായിരുന്നുവെങ്കിലും എഡിൻബറോയിലെ സുപ്രസിദ്ധവൈദ്യസഹായം സുലഭമായി ലഭിച്ചിരുന്നതുകൊണ്ടു ഭേദമാകുമെന്ന് അവിടെ മററുള്ളവർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ മിസ്റ്റർ മാത്യുവിൻെറ മനസ്ഥിതി അങ്ങിനെയല്ലായിരുന്നു. മാത്യു മൂന്നുമാസം രോഗശയ്യയിൽക്കിടന്നതിനുശേഷമാണ് മരണം പ്രാപിച്ചതു്. രോഗാരംഭകാലത്തു ദിവസങ്ങൾപോയാലും ടറം വകവച്ചുകൊടുത്തുകൊള്ളാമെന്ന് പ്രൊഫസർമാർ മാത്യുവിനെ ധൈര്യപ്പെടുത്തിയിരുന്നു. എന്നാൽ രണ്ടു മാസത്തോളം രോഗാതുരനായിക്കിടന്നുകഴിഞ്ഞപ്പോൾ അവരെക്കൊണ്ടുപോലും സാദ്ധ്യമല്ലാത്ത വിധത്തിൽ തൻെറ ഒരാണ്ടത്തെ പഠിത്തം നഷ്ടപ്പെട്ടുവെന്നുള്ള അപാരമായ കുണ്ഠിതം മിസ്റ്റർ മാത്യുവിനുണ്ടായി. വളരെ ആഗ്രഹിച്ചും തൻെറ ചെറുപ്പത്തെയും സുഖങ്ങളേയും അവഗണിച്ചും സ്വന്തജനങ്ങളേയും പ്രിയപ്പെട്ട കുടുംബത്തെയും മററും വിട്ടു വിദൂരമായ ആ പരദേശത്തു വന്ന് ക്ലേശങ്ങൾ സഹിച്ചു വളരെ ഉയന്ന നിലയിൽ ജയിച്ചു ശേഷം ആ പ്രത്യാശകളെല്ലാം ശിഥിലമായി. ഇങ്ങിനെ രോഗാതുരനായിക്കിടക്കുന്നതു തീച്ചയായും ശുഭോദക്കമല്ലെന്നു മിസ്റ്റർ മാത്യു മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. എങ്കിലും തൻെറ ദൃഢമായ ഈശ്വരഭക്തിയും പരിപക്വമായ ബുദ്ധിയും തൻെറ സന്ദഭങ്ങൾക്കു കീഴ്പ്പെടുത്തുന്നതിനുള്ള മനഃശക്തിയേ മിസ്റ്റർ മാത്യുവിനു പ്രദാനം

ചെയ്തിട്ടുണ്ടായിരുന്നു. മിസ്റ്റർ മാത്യു അവിടെനിന്നു നേരത്തെ എഴുതിയിരുന്നതാണെങ്കിലും മരണത്തിനു ശേഷം മാത്രം ഇവിടെ കിട്ടിയ ഒരു കത്തിൽ ഇപ്രകാരം പറയുന്നു. "ഭേദഗതികൾ വരുത്താൻ സാധിക്കാത്ത സാഹചര്യങ്ങളേയും സുഖപ്പെടുത്തുവാൻ നിവൃത്തിയില്ലാത്ത സുഖക്കേടുകളേയും പററി പരിതപിച്ചിട്ടു കൊണ്ട് സാദ്ധ്യമില്ലല്ലോ. ആയതുകൊണ്ടു സഹിയ്ക്കു തന്നെ വേണം. നിങ്ങളാരും എന്റെ കൂടെയില്ലെങ്കിലും പരമകാരുണികനായ ദൈവം എല്ലായിടത്തും ഉണ്ടല്ലോ. എന്നു മാത്രമല്ല നാടും വീടും എനിക്കു പ്രിയപ്പെട്ട നിങ്ങളേയും വിട്ട് ഈ പരദേശത്തു താമസിക്കുന്ന എന്റെ സമീപെ അവിടത്തെ സാന്നിദ്ധ്യം വിശേഷവിധിയായി ഉണ്ടെന്നു എനിക്കു നല്ല ഉറപ്പുണ്ട്. നിങ്ങളാരും വ്യസനിക്കണ്ട."

മിസ്റ്റർ മാത്യു ഇവിടെയുള്ളവരുടെ സമാധാനത്തിനായി ഇങ്ങിനെ എഴുതി എങ്കിലും ഈ കാലങ്ങളിൽ അദ്ദേഹം തന്റെ പരലോകയാത്രയ്ക്കു സന്നദ്ധനാവുകയായിരുന്നു എന്ന് ഇതരസംഭവങ്ങൾ തെളിയിച്ചിരുന്നു. ഒരു മൂന്നാഴ്ചയ്ക്കു മുമ്പു താക്കോലുകൾ എല്ലാം മിസ്റ്റർ നീലകണ്ഠപ്പിള്ളയേ ഏല്പിച്ചല്ലോ എന്നു മാത്രമല്ലാ മിസ്റ്റർ മാത്യുവിനെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന ജെ. ബി. വാട്ടേഴ്സ് എന്ന കന്യാസ്ത്രീയുടെ കത്തിൽനിന്നും ഈ സംഗതികൾ വെളിവാകുന്നുമുണ്ട്. ഈ കന്യാസ്ത്രീയ്ക്കു മാത്യു ദീനമായിക്കിടന്നിരുന്ന മുറിയിൽ ജോലിയായിരുന്നു. മാത്യുവിന്റെ സൽസ്വഭാവം കണ്ടു വളരെ ബഹുമാനവും സ്ഥിതികണ്ടു വളരെ സങ്കടവും തോന്നിയിട്ടുള്ള ഈ സുകൃതവതി മാത്യുവിനെ അറിയിക്കാതെ ഒരു എഴുത്തു ഇങ്ങോട്ടയച്ചു. സഹോദരങ്ങളിൽ ആരു

ടെ എങ്കിലും മേൽവിലാസമൊ സ്ഥിതികളൊ യാതൊന്നും അവക്ക അറിഞ്ഞുകൂടായിരുന്നു. അവിടത്തെ നടപ്പനുസരിച്ച മാത്യു എന്നുള്ളതു കുടുംബപ്പേരായിരിക്കമെന്നുദ്ദേശിച്ച്, "മാത്യു, പുളിങ്കുന്ന്, ഇൻഡ്യാ" എന്നുമാത്രം മേൽവിലാസം വച്ച ഒരു കത്തയച്ചു. "ആയതു മാത്യുവിൻെറ മരണശേഷം മാത്രമേ മാത്യുവിൻെറ സഹോദരനു കിട്ടിയൊള്ളു. ആ കത്തിൽ മിസ്റ്റർ മാത്യു മൂന്നാഴ്ചയായി ലൌകികങ്ങളായ യാതൊരു കാൎയ്യങ്ങളിലും താല്പൎയ്യമില്ലാതേയും ആസന്നമായ മരണത്തെ പ്രതീക്ഷിച്ചിരിക്കുന്നതുപോലെയും കാണപ്പെട്ടുവെന്നും അവിടത്തെ ചികിത്സയും ശുശ്രൂഷയും വിഫലമായി കാണുന്നുവെന്നും മാത്യുവിനു ഇങ്ങിനെ വന്നുകൂടിയിരിക്കുന്നതിൽ അത്യന്തം വ്യസനിക്കുന്നുവെന്നും കൂടുതൽ വിവരങ്ങൾ പിന്നീട്ട അറിയിച്ചുകൊള്ളാമെന്നും മററും പ്രസ്താവിച്ചിരുന്നു.

സ്കോട്ടലണ്ടിലെ പ്രസിദ്ധകത്തോലിക്ക പുരോഹിതനായ ഫാദർ ഡോണാൾഡ് ഹേയിൻെറയും മററും സഹായങ്ങൾ മിസ്റ്റർ മാത്യുവിനു വേണ്ടതുപോലെ അന്തിമകാലങ്ങളിലും അതിനുശേഷവും ലബ്ധമായി. മൃതശരീരം ൧൮-ാംനു- ബുധനാഴ്ച പ്രഭാതം മുതൽ സായാഹ്നത്തിലെ സംസ്കാരസമയംവരെ എഡിൻബറോയിലെ കത്തോലിക്ക ദേവാലയത്തിൽ വിശേഷവിധിയായി സ്ഥാപിച്ചിരുന്നു. ഇങ്ങിനെ മൃതശരീരംവച്ചുകൊണ്ടു രണ്ടു പാട്ടു പൂജയും അന്തിമശുശ്രൂഷകളും അവിടെ വച്ചുതന്നെ നടത്തി. ഇതൊന്നും ഇവിടെയുള്ള യാതൊരുത്തരുടേയുംഅപേക്ഷപ്രകാരമൊ അറിവോടുകൂടിയൊ ആയിരുന്നില്ല. കത്തോലിക്കരും ഇതരന്മാരും ഇൻ-

ഢ്യാക്കാരുമായ അനേകം ജനങ്ങളും ഇതിൽ സംബന്ധി ച്ചിരുന്നു. ഇതിൻെറ ശേഷം മാത്യുവിൻെറ ശരീരം യഥാവിധി അവിടെത്തന്നെ കത്തോലിക്കാ സിമിത്തേരിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു. മിസ്റ്റർ മാത്യുവിനെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന കന്യാസ്ത്രീകൾ ഇപ്പോഴും കരഞ്ഞുകൊണ്ടിരിക്കുന്നു എന്നു മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ കത്തിൽക്കാണുന്നു. ഇവർ ആരായിരിക്കാം. മാത്യുവിൻെറ ഈ അകാലനിര്യാണത്തിൽ ഹൃദയംതകൎന്നു ഇപ്പോഴും നിരർഗ്ഗളമായി അശ്രുകണങ്ങൾ ഒഴുക്കി വിലപിച്ചുകൊണ്ടിരിക്കുന്നവരും നിമ്മലചിത്തകളും ആയി. അനേകം കന്യാസ്ത്രീകൾ പലേ വകുപ്പുകളിലായി ഇവിടെയുണ്ടെന്നു എനിക്കറിയാം. അവരിൽ ഒരാൾ മിസ്റ്റർ മാത്യുവിൻെറ സ്വന്തസഹോദരിയും കഷ്ടിച്ചു മൂന്നു വയസ്സുമാത്രം മിസ്റ്റർ മാത്യുവിനു പ്രായമുള്ളപ്പോൾ മാതാവു മരിച്ചുപോകയാൽ കുറേക്കാലത്തേക്കു തൻെറ വിദ്യാഭ്യാസത്തെപ്പോലും ഉപേക്ഷിച്ചു മാത്യുവിനെ വളത്തിക്കൊണ്ടുവന്ന ആ ത്രേസ്യാ കന്യാസ്ത്രീയും മറെറാന്നു മാത്യുവിൻവേണ്ടി സദാ പ്രാത്ഥിച്ചുകൊണ്ടിരിക്കുന്ന മാത്യുവിൻെറ മാതൃസഹോദരിയായ ബ്രിജീത്താ കന്യാസ്ത്രീയും ആണു്. പക്ഷെ ഇവരെല്ലാം എണ്ണായിരത്തി എഴുന്നൂറുനാഴിക ദൂരമുള്ള ഈ മലയാളരാജ്യത്തല്ലെ സ്ഥിതിചെയ്യുന്നതു്. ഇവർ എങ്ങിനെയാണു് അവിടെ ചെന്നുകൂടിയതു എന്നു തോന്നിയേക്കാം. ഈ സുകൃതവനിതകളുടെ ഹൃദയം തപിച്ചുള്ള പാവനങ്ങളായ വിചാരവീചികൾ അതേഗുണത്തോടുകൂടി ചില സ്കോച്ചു കന്യകകളുടെ ഹൃദയപേശികളെ തട്ടിയുണത്തിയതിൽ എന്താണു് അത്ഭുതപ്പെടാനുള്ളതു്. പരിശുദ്ധങ്ങളായ ചിന്തകളുടേയും ചിത്തങ്ങളുടേയും ഐക്യമെന്നുള്ളതു

ക്രിസ്തീയവിശ്വാസത്തിന്റെ ഒരു സിദ്ധാന്തമല്ലയോ? നീ അളക്കുന്നതുകൊണ്ടു നിന്നെയും അളക്കുമെന്നു പ്രവചിച്ചിട്ടുള്ള ആ പരമകാരുണികനായ ദൈവം മാത്യുവിനു അവിടെ മാതാപിതാക്കളേയും സഹോദരങ്ങളേയും എന്നുവേണ്ട സകലവിധമായ അനുകൂലസാഹചര്യങ്ങളേയും അവസാനകാലത്തുപോലും കല്പിച്ചുകൊടുത്തു. എഡിൻബറോയിലുള്ള ഇൻഡ്യൻ അസോസ്യേഷൻ സംഘത്തിന്റെ പ്രസിഡണ്ടു് ഇവിടെ അയച്ചിട്ടുള്ള എഴുത്തിന്റെ പകൎപ്പു പ്രസിദ്ധപ്പെടുത്തിയാൽകൊള്ളാമെന്നു് ആഗ്രഹമുണ്ടു്. പക്ഷെ ലേഖനദൈൎഘ്യത്തെ ഭയന്നു് അതിനുദ്യമിക്കുന്നില്ല. മിസ്റ്റർ മാത്യു എഡിൻബറോയിൽ ചെന്നു് പ്രദൎശിപ്പിച്ചിട്ടുള്ള സ്വഭാവമാധുൎയ്യവും മൎയ്യാദയും അനിതരസാധാരണമായ ബുദ്ധിസാമൎത്ഥ്യവും കാൎയ്യക്ഷമതയും വിദ്യാഭ്യാസവിഷയത്തിൽ അദ്ദേഹത്തിനു സിദ്ധിച്ചുകൊണ്ടിരുന്ന അസാധാരണമായ വിജയവും സൎവ്വോപരിയായി ഈശ്വരവിശ്വാസവും മതനിഷ്ഠയും ആ എഴുത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. തിരുവിതാംകൂർകാരോ മലയാളികളോ മാത്രമല്ല ഇൻഡ്യയുടെ പല ഭാഗങ്ങളിലുംനിന്നു അവിടെ ചെന്നു വിദ്യാഭ്യാസവിഷയമായും മററും താമസിക്കുന്ന ഓരോപ്രകാരത്തിൽ ഗണനീയന്മാരായ അനേകം അംഗങ്ങളുൾപ്പെട്ട പ്രസ്തുത സംഘത്തിന്റെ പ്രസിഡണ്ടിൽ പോലും മി. മാത്യു ഈ ചുരുങ്ങിയകാലത്തിൽ ഉദ്ദീപിപ്പിച്ചിട്ടുള്ള നാനാവിധ യോഗ്യതാജന്യമായ ബഹുമാനത്തെ അടിസ്ഥാനപ്പെടുത്തി അദ്ദേഹം പ്രതിപാദിച്ചശേഷം അവസാനിപ്പിച്ചിരിക്കുന്നതിങ്ങനെയാകുന്നു. "ഈ വിലയേറിയ വാത്സല്യയുവാവിന്റെ നിൎയ്യാണത്തിൽ

പരമാത്ഥമായി സഹതപിക്കുന്ന അപരിചിതന്മാരായ അനേകം സ്നേഹിതന്മാരുണ്ടെന്നും മിസ്റ്റർ മാത്യുവിൻെറ നഷ്ടത്തെപ്പററി രക്തസംബന്ധികൾക്കു മാത്രമല്ലാ അജ്ഞാതന്മാരായ മററനേകം ആളുകൾക്കുകൂടി അപാരമായ ക്ലേശമുണ്ടെന്നും അറിയുന്നതു ഒരു പക്ഷേ നിങ്ങൾക്ക് ആശ്വാസജനകമായിരിക്കാം. ഞാൻ ഇതിനു മുൻപു ഒരു കത്തോലിക്കു ശവസംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചിട്ടില്ല. ഇന്നു കഴിഞ്ഞ ഈ സംഗതികൾ എത്രയോ ഹൃദയംഗമമായിരിക്കുന്നു. മിസ്റ്റർ മാത്യു നിശ്ചയമായിട്ടും തൻെറ സ്വർഗ്ഗസ്ഥനായ പിതാവിൻെറ സന്നിധിയിൽ ഇപ്പോൾ സുഖിയ്ക്കയാണ്. നമ്മുടെ രക്തപങ്കിലങ്ങളായ കണ്ണീർക്കണങ്ങളെക്കൊണ്ടു ആ സമാശ്വാസത്തെ എന്തിനാണ് നാം അസഹ്യപ്പെടുത്തുന്നതു്?"

(൭)

മദ്രാസിൽ കൃസ്ത്യൻ കോളേജിൽ മാത്യു ബി. എ. ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ മിസ്റ്റർ ആൺഡേഴ്സൻ എന്നു പേരായി അവിടെ ഒരു പ്രഫസർ ഉണ്ടായിരുന്നു. മാത്യു ശീമയ്ക്കു പോകുന്ന വിവരം അറിഞ്ഞു സ്കോട്ട്ലണ്ട് ദേശീയനായ ഇദ്ദേഹം ഉപദേശരൂപമായി ഒരു കത്തു് മാത്യുവിൻെറപേക്ക് അയച്ചു. ശീമയിലുള്ള തൻെറ മാതാപിതാക്കന്മാൎക്കും സഹോദരനും മാത്യുവിനു അവിടെ വേണ്ട സഹായസഹകരണങ്ങൾ ഉണ്ടാവാനായി പ്രത്യേകം എഴുത്തുകളും ഇദ്ദേഹം അയച്ചിട്ടുണ്ടായിരുന്നു. മാത്യുവിനുള്ള കത്തിൻെറ ഒരു ഭാഗം ഇപ്രകാരമായിരുന്നു. "നിങ്ങൾ ശീമയിൽ ചെ

ല്ലുമ്പോൾ ഇൻഡ്യയിൽ കണ്ടിട്ടില്ലാത്തവിധത്തിൽ സ്ത്രീപുരുഷന്മാർ തമ്മിലുള്ള സ്വാതന്ത്ര്യങ്ങളും പെരുമാററങ്ങളും കാണ്മാൻ സംഗതിയാകും. മാത്യുവിൻെറ സ്വഭാവം എനിക്കു നല്ലവണ്ണം അറിയാവുന്നതുകൊണ്ട് ഈ പ്രലോഭനങ്ങളിലൊന്നും അകപ്പെട്ടുപോകരുതെന്നു ഞാൻ പ്രത്യേകം ഗുണദോഷിച്ചുതരേണ്ട കാൎയ്യമില്ലല്ലൊ".

മേൽ പറഞ്ഞ ആൺഡേഷ്സൻ കുടുംബക്കാർ മാത്യുവിനെ അവിടെ സ്വകുടുംബത്തിലെ ഒരു അംഗംപോലെ കരുതിയിരുന്നു. പ്രഫ്സരുടെ പിതാവു ഏകദേശം മാത്യുവിൻെറ മാതാമഹനോളംതന്നെ പ്രായാധിക്യമുള്ള ഒരു വയോവൃദ്ധനായിരുന്നു. ഈ വൃദ്ധനും ഗുണവതിയും വയോവൃദ്ധയും ആയ പ്രഫ്സരുടെ മാതാവും തങ്ങളുടെ സ്വന്ത പുത്രനേപ്പോലെ മാത്യുവിനെ ഗണിച്ചിരുന്നു.

മാത്യുവിൻെറ മരണശേഷം ഈ സ്ത്രീരത്നം മദ്രാസിലുള്ള തൻെറ പുത്രൻെറ പേൎക്കു ഒരു കത്തയച്ചു. ആ എഴുത്തു് ഞങ്ങളാരും കാണുമെന്നോ കാണണമെന്നോ ആ സ്ത്രീ വിചാരിച്ചിരിപ്പാൻ ഇടയില്ല. എന്നാൽ മഹാമനസ്കനായ മിസ്റ്റർ ആൺഡേഷ്സൻ അപ്പോൾ അവിടെ ബി. എൽ. ക്ലാസ്സിൽ വായിച്ചുകൊണ്ടിരുന്ന എൻ. എക്സ്. ചെറിയാൻ തനിക്കു അപരിചിതനായിരുന്നിട്ടും മാത്യുവിൻെറ സഹോദരനാണെന്നറിഞ്ഞു പ്രസ്തുത കത്തു് ചെറിയാനെ കാണിക്കയും ആയതിൻെറ ഒരു പകൎപ്പെടുത്തുകൊള്ളുവാൻ അനുവദിക്കയും ചെയ്തു.

ആ കത്തിൽ ഏതാനും ഭാഗങ്ങളുടെ ഏകദേശമായ ഒരു വിവൎത്തനം താഴെ ചേൎക്കുന്നു:—

"വത്സ!

നമ്മുടെ കൊച്ചുസ്നേഹിതൻ മിസ്റ്റർ നെട്ടവേലിൽ ശൌൎയ്യാരു മാത്യുവിൻെറ കായികാവശിഷ്ടങ്ങളെ ഞങ്ങൾ ഇന്നലെ മൌണ്ടുവെൎണ്ണൻ എന്ന കത്തോലിക്കാസെമിററിയിൽ സംസ്കരിച്ചു കഴിഞ്ഞിരിക്കുന്നു. മാത്യുവിൻെറ ശരീരംപോലും ഇഹലോകത്തിൽ ഇനി കാണുക സാദ്ധ്യമല്ലല്ലൊ. എന്നാൽ പാവനമായി ജീവിതം നയിച്ചിട്ടുള്ള സദാചാരനിരതന്മാൎക്കു സമ്മാനം നല്കുന്ന ജഗന്നിയന്താവിൻെറ സന്നിധാനത്തിങ്കൽ ഒരു പക്ഷെ നമുക്കും ഒരിക്കൽ ചെല്ലുവാൻ സാധിക്കുമെങ്കിൽ മാത്യുവിനെ കാണാമായിരിക്കാം.................................മാത്യുവിൻ ദീനമായതുമുതൽ ഞങ്ങൾ കൂടെക്കൂടെ ആസ്പത്രിക്കു പൊയ്ക്കൊണ്ടിരുന്നു. സുബോധം മറയുന്നതിന്നു കുറെ മുൻപ് ഞാൻ ചെന്നു മാത്യുവിനെക്കണ്ടു തിരിച്ചു പോരുന്നതിന്നു യാത്ര ചോദിച്ചപ്പോൾ മന്ദസ്മിതത്തോടുകൂടി മാത്യു ആയതിന് അനുവദിച്ചു. എന്നാൽ ആനന്ദഭാവംനടിച്ച മാത്യുവിൻെറ ആനനദൎശനം എനിക്കു വലിയ സങ്കടത്തെയാണ് ഉണ്ടാക്കിയത്. മാത്യുവിനെ ഇനി ജീവനോടുകൂടി കാണ്മാൻ കഴിയുന്നതല്ലെന്നു എൻെറ മനസ്സ് എന്നോടു പറഞ്ഞു. രോഗശയ്യയിൽ അനങ്ങാൻ വഹിയാതെ കിടന്നിരുന്ന മാത്യു ഞാൻ വെളിയിൽ ഇറങ്ങുന്നതുവരെ സവികാരമായി എന്നെ നോക്കിക്കൊണ്ടുതന്നെ സ്ഥിതിചെയ്തു.

# XXIII

........ഇതിൻ മുൻപിലത്തെ പ്രാവശ്യം മാത്യുവിനെ ചെന്നു സന്ദർശിച്ചപ്പോൾ മാത്യു കരഞ്ഞു. ഹാ! ഇത്ര വലിയ കണ്ണീർ തുള്ളികൾ ഞാൻ കണ്ടിട്ടില്ല. ഈ പ്രാവശ്യം ഞാൻ ചെന്നപ്പോൾ മാത്യുവിന്റെ സന്താപമെല്ലാം പൊയ്പ്പോയിരുന്നു..............................

മാത്യു മരിച്ചു ഉടനെ മാത്യുവിനെ ശുശ്രൂഷിച്ചിരുന്ന സിസ്റ്റർ വിവരം എന്നെ അറിയിച്ചു നിന്റെ അനുജൻ ഉടനെ ആസ്പത്രിയിലേയ്ക്കു പോയി.........നേരത്തെ തന്നെ ഞാൻ പൂക്കടയിൽ ചെന്നു പലതരത്തിലുള്ള പുഷ്പങ്ങളെ തിരഞ്ഞു വിലയ്ക്കുവാങ്ങി മനോഹരമായ പൂച്ചെണ്ടുണ്ടാക്കി ആയത്തുംകൊണ്ടു കാലേക്കൂട്ടി ഞാനും നിന്റെ അനുജനും സംസ്കാരസ്ഥലത്തേയ്ക്കു് പുറപ്പെട്ടു. കാലാവസ്ഥ നന്നല്ലായിരുന്നതുകൊണ്ടും മററും മൂപ്പിന്നു് (പ്രഫസ്സരുടെ പിതാവു്) പോരേണ്ട എന്നു് ഞങ്ങൾ ചട്ടംകെട്ടിയിരുന്നു. എന്നാൽ ആയതു വകവയ്ക്കാതെ അദ്ദേഹവും ശ്മശാനസ്ഥലത്തേയ്ക്കു വന്നു. മാർഗ്ഗശ്രമം കൊണ്ടു് വലിയ പാരവശ്യമുണ്ടായി. വണ്ടിപിടിച്ചു അദ്ദേഹത്തെ തിരിച്ചു അയയ്ക്കേണ്ടിവന്നു..................
സംസ്കാരസമയത്തു്, അയ്യോ പാവത്തിന്റെ അമ്മ (മാത്യുവിന്റെ അമ്മ) സമീപെ ഇല്ലല്ലോ എന്നു വിചാരിച്ചു മാത്യുവിന്റെ ശവപ്പെട്ടിമേൽ പേരു കൊത്തിയിരുന്ന തകിടിനെ, ഞാൻ തന്നെ ആ സ്ഥാനം വഹിച്ചു തലോടുകയും ചെയ്തു........................"

(വ)

## ഉപസംഹാരം.

ഈ പുസ്തകത്തിലേതന്നയുള്ള എൻെറ സോദരവിലാപത്തെ അല്ലെങ്കിൽ സോദരസ്മരണകളെ ഉപസംഹരിക്കുന്നതിനു മുമ്പ് ചില സംഗതികളെസംബന്ധിച്ചുകൂടി എനിക്കു പ്രസ്താവിപ്പാനുണ്ട്. മേൽ ഉദ്ധരിച്ചിട്ടുള്ള കത്തുകളിലും മററും കാണുന്ന മഹരീമഹാന്മാരുടെ നാമങ്ങൾ ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊള്ളുന്നു. ആ കത്തുകളിൽ കാണുന്ന ഹൃദയാവർജ്ജകമായ മനോവൃത്തികളെപ്പോലെതന്നെയോ അതിൽ കൂടുതലായോ സഹതാപം പ്രദർശിപ്പിച്ചിട്ടുള്ള മാന്യജനങ്ങളുടെ ഒരു നൂറോളം കത്തുകളും കമ്പികളും ഇപ്പോൾ എൻെറ മുമ്പിൽ ഇരിപ്പുണ്ട്. ഞങ്ങളെ നേരിട്ടുവന്നുകണ്ട് സമാശ്വസിപ്പിച്ചിട്ടുള്ളവരുടെ സംഖ്യ ഇതിലും വളരെ ഉപരിസ്ഥാനത്തു നില്ക്കുന്നു. ഇവരുടെ എല്ലാവരുടേയും നാമങ്ങൾ എടുത്തു പറവാൻ സാധിക്കുന്നില്ലല്ലോ എന്നു ഞാൻ പരിതപിക്കുന്നു. എന്നാൽ ചിലരുടെ നാമങ്ങൾ കൂടി ഇവിടെ പ്രസ്താവിപ്പാൻ ഞാൻ നിർബ്ബന്ധിതനായിത്തീർന്നിട്ടുണ്ട്. മാത്യുവിൻെറ ദീനത്തിൽ ആദ്യന്തം ചികിത്സകൾ നടത്തുകയും പുത്രനെപ്പോലെ മാത്യുവിനെ സ്നേഹിക്കുകയും അപരിചിതനായ എൻെറ പേക്കു മാത്യുവിനെസംബന്ധിച്ചുള്ള തൻെറ ബഹുമാനത്തെ പ്രദർശിപ്പിച്ചും സഹതാപത്തെ പ്രകടിപ്പിച്ചുംകത്തയച്ചുതരികയും ചെയ്തിട്ടുള്ള ഡാക്ടർ ഫ്ളെമിൻഗിൻെറ നാമം പ്രത്യേകം സ്മരണീയമാണ്. ഈ പാശ്ചാത്യഭിഷഗ്വരനു ശിമയിലുള്ള സ്ഥാനവും മാനവും വിചാരിക്കുമ്പോൾ

എന്റെ കൊച്ചുസഹോദരന്ന തന്റെനേക്കു ചുരുങ്ങിയ കാലത്തിന്നിടയിൽ ഇത്ര ശക്തിയുക്തമായ ബഹുമാനത്തെ ഇദ്ദേഹത്തിൽ ഉത്ഭൂതമാക്കാൻ കഴിഞ്ഞതിൽ എനിക്കു അസാമാന്യമായ ചാരിതാൎത്ഥ്യത്തിന്നുകൂടി സംഗതിയുണ്ടു്. ഇതുപോലെതന്നെ ഞങ്ങളുടെ ഹൃദയങ്ങളിലെ ആഴമായ വ്രണങ്ങളുടെ തീക്ഷ്ണതയെതങ്ങളുടെ പൈത്രികമായ അനുഗ്രഹവചസ്സുകളും പവിത്രമായ പ്രാൎത്ഥനകളുമാകുന്ന പരിമളതൈലങ്ങളാൽ ഏറെക്കുറെ ശമിപ്പിച്ചിട്ടുള്ള എറണാകുളം മെത്രാപ്പോലീത്താതിരുമനസ്സിനോടും ചങ്ങനാശ്ശേരി, കോട്ടയം, തൃശ്ശിവപേരൂർ എന്നീ സ്ഥലങ്ങളിലെ വന്ദ്യദിവ്യശ്രീമാന്മാരായ മെത്രാന്മാരോടും ഞങ്ങൾക്കുള്ള അകൈതവമായ ഭക്ത്യാദരങ്ങളെ പ്രദൎശിപ്പിച്ചുകൊള്ളുന്നു.

അപാരമായ പാണ്ഡിത്യത്തിനെന്നപോലെതന്നെ പരിപക്വമായ പ്രതിഭാവിലാസത്തിനും, പരിപാവനമായ ജീവിതരീതിക്കും പരോപകാരാൎത്ഥമായ പ്രവൃത്തിപദ്ധതികൾക്കും പ്രസിദ്ധിനേടിയിട്ടുള്ള തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ് കോളേജ് സയൻസ് പ്രഫസർ ഫാദർ ഹോണോരെ എസ്സ്. ജെ. അയച്ചുതന്നിട്ടുള്ള കത്തു് മരണത്തെപ്പറ്റി കത്തോലിക്കമതസിദ്ധാന്തസംബന്ധമായ ഒരുൽകൃഷ്ടനിരൂപണംകൂടി ആയിരുന്നതിനാൽ ആയതു ഞങ്ങൾക്കു് എത്രമാത്രം ആശ്വാസപ്രദമായിരുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. മൽഭ്രാതൃവിന്റെ സംക്ഷിപ്തമായ ജീവചരിത്രം അദ്ദേഹം തന്റെ വിലയേറിയ മാസികയിൽ പ്രസിദ്ധപ്പെടുത്തുകയും ആയതു് സവിസ്തരം പ്രതിപാദിക്കുന്നതിന്നുവേണ്ട വിവരങ്ങൾ കൊടുക്കണമെന്നു

ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ഇനിയും എനിക്കു സ്വല്പം പ്രസ്താവിപ്പാനുള്ളത് ഈ തിരുവിതാംകൂർ സ്വദേശികളും, മാത്യുവിൻെറകൂടെ ശീമയിൽ ഉണ്ടായിരുന്നവരുമായ ചില മാന്യ സഹോദരന്മാരെപ്പററിയാണ്. ഇവരിൽ ഞങ്ങളുടെ കൃതജ്ഞതയ്ക്കു പ്രധാന പാത്രമായിട്ടുള്ളത് മാത്യുവിൻെറ ആത്മമിത്രമായ മിസ്റ്റർ കെ. നീലകണ്ഠപ്പിള്ളയാണ്. സഹോദരീസഹോദരന്മാരായ ഞങ്ങൾ എല്ലാവരുംചേൎന്നു ശ്രമിച്ചിരുന്നെങ്കിലും ഇദ്ദേഹം ചെയ്തിട്ടുള്ളതുപോലെയുള്ള ശ്രമങ്ങളും ശുശ്രൂഷകളും മാത്യുവിനുവേണ്ടി ചെയ്യാൻ സാധിക്കുമായിരുന്നോ എന്നു ഞാൻ സംശയിക്കുന്നു. ശീമയിൽവച്ചു മാത്യുവിൻെറ സുഖദുഃഖങ്ങളിൽ ആദ്യവസാനം പരിപൂൎണ്ണമായി ഭാഗഭാക്കായി ഈ മാന്യസ്നേഹിതൻ അനുവൎത്തിച്ചുപോന്നിട്ടുണ്ട്. മാത്യുവിൻെറ പരദേശജീവിതത്തെയും ആയതിൻെറ പരിതാപസമ്പൂൎണ്ണമായ പൎയ്യവസാനത്തേയും ഞങ്ങളെസംബന്ധിച്ചേടത്തോളം ആവൃതമാക്കിയിട്ടുള്ള അന്ധകാരമയമായ തിരസ്കരണിയെ കുറച്ചൊന്നു മാററി അവയുടെ പരമാൎത്ഥ സ്ഥിതിഗതികളെ ഞങ്ങൾക്കു മനസ്സിലാക്കിത്തന്നിട്ടുള്ളത് ഇദ്ദേഹമാകുന്നു. തൻെറ സ്നേഹിതൻെറ ദീൎഘകാലം നീണ്ടുനിന്ന രോഗാതുരതയിൽ പരിതപ്തനായി പരമാൎത്ഥമായ സ്നേഹത്തോടുകൂടി മാത്യുവിനെ പരിചരിക്കയും മരണനേരത്തിലും മരണാനന്തരമുള്ള സംഗതികളിലും ചുമതല വഹിക്കയും കേബിൾകളാലും കത്തുകളാലും വിവരങ്ങൾ ഞങ്ങളെ അറിയിക്കയും അവ സംബന്ധമായ സകല കാൎയ്യങ്ങളും ഭംഗിയായി നിൎവ്വഹിക്കയും ചെയ്തിട്ടുള്ള മിസ്റ്റർ നീലകണ്ഠപ്പിള്ളയെ

പ്പോലെയുള്ള സ്നേഹിതന്മാരെ സമ്പാദിപ്പാനും അവരുടെ പരിചരണം തന്റെ അന്തിമകാലത്തുപോലും സ്വീകരിപ്പാനും മാത്യുവിനു സംഗതിയായതോൎക്കുമ്പോൾ ലോകത്തിൽ അതി ദയനീയമായ സംഭവങ്ങളിൽക്കൂടിയും അത്യുൽകൃഷ്ടമായ ചാരിതാൎത്ഥ്യത്തിനൎഹമായസംഗതികൾ സമാഗമിക്കുന്നുവെന്നുള്ള തത്വം അനുഭവസിദ്ധമാകുന്നു. മാത്യുവിന്റെ പരദേശജീവിതമാകുന്ന ദുഃഖപൎയ്യവസായിയായ നാടകത്തിന്റെ അന്തിമരംഗത്തിലെ സന്താപകാഠിന്യത്തെ ഞങ്ങൾക്കും മാത്യുവിനുതന്നെയും കുറച്ചൊന്നു കുറച്ചുവെന്നുള്ളതു് മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെയും, മറെറാരു സ്നേഹിതനായ മിസ്റ്റർ പപ്പുപിള്ളയുടെയും ഞങ്ങളുടെ സ്വദേശിയെന്നുതന്നെ പറയാവുന്ന ഡാക്ടർ മാത്തൂർ പണിക്കരുടേയും അവിടത്തെ സാന്നിദ്ധ്യമായിരുന്നുവെന്നു നിസ്സംശയം പറയാം. മാത്യുവിന്റെ മരണശേഷം സകല സാമാനങ്ങളും ശേഖരിച്ചു മിസ്റ്റർ നീലകണ്ഠപ്പിള്ള ഭദ്രമായി ഞങ്ങൾക്കു് അയച്ചുതന്നു. രണ്ടു സംവത്സരം കഴിഞ്ഞു് തന്റെ വിദ്യാഭ്യാസം പൂൎത്തിയാക്കി ഇൻഡ്യയിലേയ്ക്കു മടങ്ങിവന്നപ്പോൾ ഇദ്ദേഹം ഞങ്ങളെ വന്നു കാണുകയും സകല സംഗതികളും സവിസ്തരം പറകയും ഞങ്ങളെ സമാശ്വസിപ്പിക്കയും ചെയ്തു. ഇദ്ദേഹം ഞങ്ങൾക്കയച്ചിട്ടുള്ള പല പല കത്തുകളിൽ നിരൎഗ്ഗളമായി പ്രവഹിക്കുന്ന അനൎഘമായ ചിത്തവൃത്തികളുടെ സ്മരണ സാൎവ്വത്രികമായ സഹോദരസ്നേഹത്തിന്റെയും നിസ്വാൎത്ഥമായ സ്വദേശസ്നേഹത്തിന്റെ ഉത്തമസാക്ഷ്യങ്ങളായി ആജീവനാന്തം ഞങ്ങളിൽ സ്ഥിതിചെയ്യുന്നതാകുന്നു. ജെ. ബി. വാട്ട്രേഷ്സ് എന്ന സിസ്റ്റർ എഡിൻബറോയിൽ നിന്നും അയച്ച കത്തിൽ മിസ്റ്റർ നീലക

ണ്ഠപ്പിള്ളയെപ്പററി ഇപ്രകാരം പറയുന്നു. "മാത്യുവിനു ഇവിടെ പിള്ള എന്നു പേരായ ഒരു സ്നേഹിതനുണ്ട്. അദ്ദേഹം മിക്ക സമയത്തും മാത്യുവിൻെറ സമീപെ ഉണ്ടായിരിക്കും. മാത്യുവിനുവേണ്ടി വളരെബുദ്ധിമുട്ടുകൾ കഴിക്കുന്നുമുണ്ട്. മാത്യുവിനു എഴുത്തുകൾ എഴുതുന്ന ശ്രമംകൂടെ ഇല്ലാതാക്കാൻ മിസ്റ്റർ പിള്ളതന്നെ മാത്യുവിനുവേണ്ടി എഴുതിക്കൊടുക്കയും ചെയ്യുന്നു" അതെ, മിസ്റ്റർ പിള്ള മാത്യുവിൻെറ സ്വദേശത്തും പരദേശത്തുമുള്ള സ്നേഹിതന്മാരിലഗ്രഗണ്യനായിരുന്നു. പരമാത്ഥവും പരമോൽകൃഷ്ടവുമായ സ്നേഹത്തിൻെറ അനിവാര്യമായ പ്രവാഹത്തിനു ജാതിയെന്നും, വ്യക്തിയെന്നും മററുമുള്ള നിരത്ഥകങ്ങളും സങ്കുചിതങ്ങളുമായ സങ്കല്പനങ്ങൾ ഒരു കാലത്തും ബാധകമായി നില്ക്കുന്നതല്ലല്ലൊ.

മിസ്റ്റർ നീലകണ്ഠപ്പിള്ള നാഗർകോവിലിലുള്ളവരിഷ്ഠമായ ഒരു നായർ കുടുംബത്തിലെ അംഗവും പരേതനായ നാണുപിള്ള ദിവാൻെറ വംശജനുമാകുന്നുവെന്നും എൻെറ മാന്യ സ്നേഹിതന്മാരായ റിട്ടയാഡ് ഡിസ്ത്രിക്ട് ജഡ്ജി മിസ്റ്റർ മാധവൻപിള്ള, അഞ്ചൽസൂപ്രണ്ട് മിസ്റ്റർ നാഗംപിള്ള, എക്സൈസ് അസിസ്റ്റൻറ കമ്മീഷണർ മിസ്റ്റർ ശങ്കരപ്പിള്ള മുതലായവരുടെ അടുത്ത ബന്ധുവും ചാച്ചക്കാരനുമാണെന്നും അത്യധികമായ സന്തോഷത്തോടുകൂടി പിന്നീടെനിക്കറിവാൻ കഴിഞ്ഞു. ആകയാൽ ഇപ്രകാരം ഇദ്ദേഹം മാന്യുവിനെ സ്നേഹിച്ചതിലും ഇത്രത്തോളം മാന്യുവിനുവേണ്ടി ചെയ്തതിലും എനിക്കു അത്ഭുതം തോന്നുന്നില്ല.

മാത്യു മരിച്ചു രണ്ടു സംവത്സരം കഴിഞ്ഞപ്പോൾ മിസ്റ്റർ നീലകണ്ഠപ്പിള്ള തൻെറ വിദ്യാഭ്യാസം പൂത്തി

യാക്കി അതുസംബന്ധമായ ഉൽകൃഷ്ടബിരുദുകളുംനേടി ശീമയിൽ നിന്നും സ്വദേശത്തേയ്ക്കു യാത്രതിരിച്ചിട്ടുണ്ടെന്നു മിസ്റ്റർ ശങ്കരപ്പിള്ളയിൽനിന്നും എനിക്കറിവാൻ കഴിഞ്ഞു. ഇങ്ങിനെയിരിക്കെ ഒരു സായാഹ്നത്തിൽ ഒരു കത്തുംകൊണ്ടു് മിസ്റ്റർ ശങ്കരപ്പിള്ളയുടെ ഒരു പ്യൂൺ ആലപ്പുഴയുള്ള എൻെറ വസതിയിൽ വന്നു. ആ കത്തു് ഇപ്രകാരമായിരുന്നു.

"നാഗർകോവിലിൽ നിന്നും അപ്പൻ വന്നിട്ടുണ്ടു്. മിസ്റ്റർ കുഞ്ഞിനെ കാണണമെന്നു പറയുന്നു. എപ്പോൾ വന്നാൽ കാണ്മാൻ സൌകര്യപ്പെടും" ഇതു് വിചിത്രമായ ഒരു കത്തല്ലെ? എൻെറ പ്രിയ പിതാവു് മധുരയിൽ ജനറലാസ്പത്രിയിൽവച്ചു ൧൦൯൭ തുലാമാസത്തിൽ മരിച്ചുപോയി. ഞങ്ങളെ അടുത്തു പരിചയമുള്ളവർക്കൊക്കെയും മിസ്റ്റർ ശങ്കരപ്പിള്ളയ്ക്കുതന്നെയും ഈ സംഗതി നിശ്ചയമുണ്ടായിരുന്നു. ഏതായാലും ഞാൻ വീട്ടിലുണ്ടായിരിക്കുമെന്നു മറുപടി കൊടുത്തു് ഒരു പതിനഞ്ചു മിനിട്ടു കഴിയുന്നതിനുമുമ്പു് എൻെറ വസതിയിൽ ആഗതനായ ആ വിശിഷ്ടപുരുഷൻ, മാത്യുവിൻെറ മരണശേഷം ആ കാലപര്യന്തം ഞാൻ അറിഞ്ഞിട്ടില്ലാത്ത ചില മാനസികാനുഭവങ്ങളെ എന്നിൽ ഉദ്ദീപിപ്പിച്ചു. (മിസ്റ്റർ നീലകണ്ഠപ്പിള്ളയെ അപ്പൻ എന്നാണു് വാത്സല്യത്തോടെ തൻെറ അടുത്ത ജനങ്ങൾ വിളിച്ചുവരുന്നതു്) ഞങ്ങൾ തമ്മിലുണ്ടായ ആ സന്ദർശനവേളയിൽ ഞാൻ ആദ്യം കണ്ടതു നീലകണ്ഠപ്പിള്ളയേയല്ല. അശ്രുകണങ്ങൾ നിറഞ്ഞ എൻെറ നയനങ്ങൾക്കു കാഴ്ച മങ്ങിയതുകൊണ്ടൊ സായങ്കാലത്തെ ദീപ്തിയുടെ ശക്തിക്ഷയംകൊണ്ടൊ എൻെറ വിചാരസരണികളുടെ

പ്രത്യേകതരമായ ഗതിവിശേഷംകൊണ്ടോ, എന്തെ മരിച്ചുപോയ എൻെറ കുഞ്ഞുസഹോദരൻ എൻെ മുമ്പിൽ ആവിർഭവിച്ചതുപോലെ എനിക്കു തോന്ന പ്പോയി! അതേ, മാത്യുവിനെ കണ്ടതുപോലേയുള്ള പ മാനന്ദത്തെ കൂടി ആവിലമായ എൻെറ മനസ്സിനു അ നേരത്തേയ്ക്കെങ്കിലും പ്രദാനംചെയ്യാൻ സാധിച്ച "അ പ്പനോട്" ഞങ്ങൾക്കുള്ള വിപുലമായ കൃതജ്ഞതയെ വേണ്ടവിധം വിജ്ഞാപനംചെയ്യുന്നതിനുപോലും ഇ സന്ദർഭത്തിൽ അല്പിഷ്ഠനായ എനിക്കു പ്രാഗത്ഭ്യമില്ല തെപോകുന്നല്ലോ എന്ന് ഞാൻ പരിതപിക്കുന്നു.

മാത്യുവിൻെറ മരണത്തിൽ സഹതപിക്കയും ഒ രോപ്രകാരത്തിൽ മാത്യുവിനെ സഹായിക്കയുംചെയ്ത സകല മാന്യജനങ്ങളോടും ഞങ്ങൾക്കുള്ള കൃതജ്ഞതയെ വിനയപുരസ്സരം പ്രഖ്യാപനംചെയ്തുകൊണ്ടും വിരമി ക്കുന്നു.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

DC Library
*00004451*
T61 K97

# സോദരവിലാപം.

61
K97

61
97

T61
K97

എൻ. എസ്സ്. കൃഷ്ണൻ.